VOL NO: 04 | ISSUE 10
www.nerpatham.com
mail@nerpatham.com

2020 MARCH 07 | ₹12

# നേർപഥം
## വാരിക

# പൗരത്വ സമരം: 'നുണമതിൽ' പണിയുന്നവരെ കരുതിയിരിക്കുക

പൗരത്വഭേദഗതി നിയമത്തിനെതിരെയുള്ള പ്രതിഷേധങ്ങളെ നിഷ്കാസനം ചെയ്യാൻ വഴിവിട്ട പ്രവർത്തനങ്ങളാണ് സംഘ്പരിവാർ പ്രഭൃതികൾ ചെയ്തുകൊണ്ടിരിക്കുന്നത്. ജാതി-മത-ലിംഗ വ്യത്യാസമില്ലാതെ നീതിക്കായി തെരുവിലൊന്നിച്ചവരെ ഭിന്നിപ്പിക്കാനും തമ്മിലടിപ്പിക്കാനും നുണകളുടെ വന്മതിലുകളാണ് അവർ നിർമിച്ചുകൊണ്ടിരിക്കുന്നത് എന്ന യാഥാർഥ്യം ചെറുത്തുനിൽപുകൾക്കിടയിൽ നാം കാണാതെ പോകരുത്.



സ്മാർട്ട്ഫോണിൽ കുരുങ്ങുന്ന ജീവിതങ്ങൾ
ഇന്ത്യൻ ഭരണഘടനയും ഡോ. അംബേദ്കറും
മലക്കുകളിലും വേദഗ്രന്ഥങ്ങളിലുമുള്ള വിശ്വാസം

## തലസ്ഥാന നഗരിയിൽ ആസൂത്രിത കലാപം!

പ്രധാനമന്ത്രി അമേരിക്കൻ പ്രസിഡന്റുമായി ഗുജറാത്തിൽ ആഘോഷം നടത്തുമ്പോൾ ദില്ലിയിൽ സംഘ്പരിവാർ പ്രവർത്തകർ നിറഞ്ഞാടുകയാണ്. മാധ്യമശ്രദ്ധ മുഴുവൻ ഗുജറാത്തിലായിരിക്കുമ്പോൾ തലസ്ഥാന നഗരിയിൽ രാപകൽ ഭേദമില്ലാതെ പ്രതിഷേധസമരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവരെ കയ്യൂക്കുകൊണ്ട് നേരിടാൻ ശ്രമിക്കുന്നത് ആസൂത്രിതമായാണ്.




Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

0164 / 2020 മാർച്ച് 07 / 1441 റജബ് 12 / പുസ്തകം 04 / ലക്കം 10

നേർപഥം
വാരിക



# പൗരത്വ സമരം: 'നുണമതിൽ' പണിയുന്നവരെ കരുതിയിരിക്കുക

നബീൽ പയ്യോളി / 10

**മുഖമൊഴി**

തലസ്ഥാനനഗരിയിൽ ആസൂത്രിത കലാപം! / 05
എഡിറ്റർ

**വിവർത്തനം**

'രാജാധിരാജന്റെ' രാജസന്നിധിയിൽ / 06
ശൈഖ് മുഹമ്മദ്ബിൻ റാഷിദ് അൽമഖ്തൂം

മലക്കുകളിലും വേദഗ്രന്ഥങ്ങളിലുമുള്ള വിശ്വാസം / 27
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി

**കവിത**

അവസാന നിമിഷങ്ങൾ / 15
ജംഷീർ ഇബ്‌നു ഹൈദ്രോസ്

**ലേഖനം**

ഇന്ത്യൻ ഭരണഘടനയും ഡോ. അംബേദ്കറും / 18
ഡോ.സബീൽ പട്ടാമ്പി

വിനയം / 21
അബ്ദുൽ ജബ്ബാർ മദീനി

**ക്വുർആൻ പാഠം**

മുഹമ്മദ്‌നബി: ഉത്തമമാതൃക / 25
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**നമുക്ക് ചുറ്റും**

ബൽജീരിയൻ റോസ് / 26
മുംതസിർ പെരിങ്ങത്തൂർ

**വിമർശനം**

ദുർവ്യാഖ്യാനങ്ങളിൽ അഭയം കണ്ടെത്തുന്നവർ / 31
മൂസ സ്വലാഹി, കാര

**ക്വുർആൻ ദർശനം**

മുൽക് (ആധിപത്യം), ഭാഗം: 5 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

സ്മാർട്ട്‌ഫോണിൽ കുരുങ്ങുന്ന ജീവിതങ്ങൾ / 34
ശംസുദ്ദീൻ എടത്തനാട്ടുകര

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടങ്ങൾക്ക് ആഹ്വാനം: വിസ്ഡം 'യൂത്ത് കോൺക്ലേവി'ന് സമാപനം

ഫറോക്ക്: ഫാഷിസ്റ്റ്‌വിരുദ്ധ പോരാട്ടങ്ങൾക്ക് ആഹ്വാനവും രാജ്യത്തെ വിവിധയിടങ്ങളിലായി നടക്കുന്ന പ്രതിഷേധ സമരങ്ങൾക്ക് ഐക്യദാർഢ്യവുമായി വിസ്ഡം 'യൂത്ത് കോൺക്ലേവ്' സമാപിച്ചു. രാജ്യത്ത് സി.എ.എ. വിരുദ്ധ സമരങ്ങളിൽ ഏർപ്പെടുന്ന യുവതി യുവാക്കളെ വ്യാജ രാജ്യദ്രോഹ കുറ്റം ചുമത്തി വേട്ടയാടുന്നത് മതേതരത്വ സമൂഹം അതീവ ഗൗരവമായി കാണണണമെന്ന് യൂത്ത് കോൺക്ലേവ് അഭിപ്രായപ്പെട്ടു. ഭരണകൂടത്തിന്റെ തെറ്റായ നയങ്ങൾക്കെതിരെ സമരം ചെയ്യാൻ ഇന്ത്യൻ ജനതക്ക് അവകാശമുണ്ടെന്നിരിക്കെ വിയോജിക്കുന്നവരെ അധികാരമുപയോഗിച്ചു നിശ്ശബ്ദരാക്കാനുള്ള ശ്രമം ഭരണകൂടം അവസാനിപ്പിക്കണമെന്നും കോൺക്ലേവ് ഓർമപ്പെടുത്തി.

ഏതൊരു സമൂഹത്തിന്റെയും ചാലകശക്തി യുവാക്കളാണ്. അവരുടെ കർമശേഷി സമൂഹത്തിന്റെയും രാജ്യത്തിന്റെയും ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണം. ഇന്ത്യൻ ഭരണഘടനയെ വികലമാക്കാൻ ശ്രമിക്കുന്ന ഭരണകൂടത്തിനെതിരെയുള്ള യുവാക്കളുടെ ക്രിയാത്മകമായ ഇടപെടൽ ആശാവഹമാണ്. വൈവിധ്യങ്ങളിലെ ഏകതയെന്ന ഇന്ത്യൻ പൈതൃകത്തെ കാത്തുസൂക്ഷിക്കാൻ ആർജവം കാണിച്ചത് ഇന്ത്യൻ യുവതയുടെ ചരിത്രബോധമാണ്. അവരെ നിശ്ശബ്ദരാക്കാനുള്ള ഭരണകൂടശ്രമം അപലപനീയമാണ്. സാമൂഹിക നീതി ഉറപ്പ് വരുത്താൻ ഭരണഘടന നൽകുന്ന സംവരണവകാശത്തിനെതിരെയുള്ള കോടതി വിധി ആശങ്കാജനകമാണ്.ന്യൂനപക്ഷങ്ങളെ മുൾമുനയിൽ നിർത്തി കരിനിയമങ്ങൾ അടിച്ചേൽപിക്കുന്ന പ്രത്യേക സാഹചര്യത്തിൽ നീതിന്യായ വ്യവസ്ഥയിൽ നിന്നുള്ള ഇത്തരം വിധികൾ വലിയ പ്രഹരമാണ്.

നിരപരാധിയായ ഒരു പൗരനെ വധശിക്ഷക്ക് വിധിക്കുന്നതിനേക്കാൾ ക്രൂരവും നിന്ദ്യവുമാണ് പൗരത്വനിഷേധമെന്ന് യൂത്ത് കോൺക്ലേവിൽ അതിഥിയായി സംസാരിക്കുകയായിരുന്ന പ്രമുഖ സാമൂഹിക പ്രവർത്തകൻ കെ.ഇ.എൻ. കുഞ്ഞഹമ്മദ് പറഞ്ഞു. ജാതീയ വ്യവസ്ഥയുടെ സൈനികവത്കരണമാണ് ആർ.എസ്.എസ്. ഇന്ത്യൻ ഫാഷിസം അതിഭീകരവും അതിന്റെ കടന്നുകയറ്റം അതിസൂക്ഷ്മവുമാണ്. ആയതിനാൽ ജനാധിപത്യ വിശ്വാസികൾ അതീവ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം ഓർമപ്പെടുത്തി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി. ഹാരിസ് മദനി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി എന്നിവർ പ്രഭാഷണം നടത്തി. കെ.പി.സി.സി. വൈസ് പ്രസിഡന്റ് ടി. സിദ്ദീഖ്, അഡ്വ. പി.എ. മുഹമ്മദ് റിയാസ് (ഡി.വൈ.എഫ്.ഐ), മുസ്‌ലിം യൂത്ത് ലീഗ് ജനറൽ സെക്രട്ടറി പി.കെ. ഫിറോസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ ഡയറക്ടർ ഡോ. അൻവർ ഹുസൈൻ എന്നിവർ അതിഥികളായി. വിസ്ഡം സ്റ്റുഡൻസ് ജനറൽ സെക്രട്ടറി കെ.പി. മുഹമ്മദ് ശമീൽ ആശംസകളർപ്പിച്ചു.

'ട്രീറ്റ്' വിശപ്പ് രഹിത ഭവന പദ്ധതി പ്രഖ്യാപനം മലബാർ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ എം.പി. അഹമ്മദ് നിർവഹിച്ചു. ക്വുർആൻ ഹദീഥ് ലേണിങ്ങ് സ്‌കൂൾ അവാർഡ് ദാനം വിസ്ഡം ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ് നടത്തി. സൗഹൃദഹസ്തം പദ്ധതിയുടെ പ്രകാശനം വിസ്ഡം ഓർഗനൈസേഷൻ സംസ്ഥാന നിർവാഹക സമിതിയംഗം ശരീഫ് എലാങ്കോട് നിർവഹിച്ചു. ക്വുർആൻ ഹദീഥ് ലേണിംഗ് സ്‌കൂൾ 'അൽബയാൻ' പ്രഖ്യാപനം പീസ് റേഡിയോ സി.ഇ.ഒ. പ്രൊഫ. ഹാരിസ് ഇബ്നു സലീം നിർവഹിച്ചു.

അബൂബക്കർ സലഫി, ഫൈസൽ മൗലവി, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, ഡോ. സി. മുഹമ്മദ് റാഫി, കെ. ഇൻഷാദ് സ്വലാഹി എന്നിവർ പഠന സെഷനുകൾക്ക് നേതൃത്വം നൽകി. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി അബ്ദുല്ല ഫാസിൽ സ്വാഗതവും ട്രഷറർ ഡോ. പി.എൻ. ഷബീൽ നന്ദിയും പറഞ്ഞു. വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ ഒ. മുഹമ്മദ് അൻവർ, പി.യു. സുഹൈൽ, യു. മുഹമ്മദ് മദനി, ഡോ. ഫസ്‌ലുറഹ്മാൻ കക്കാട്, ജംഷീർ സ്വലാഹി, നിഷാദ് സലഫി, പി.വി.എ. പ്രിംറോസ്, ഡോ. പി.പി. നസീഫ് എന്നിവർ നേതൃത്വം നൽകി.

മുഖമൊഴി

# തലസ്ഥാനനഗരിയിൽ ആസൂത്രിത കലാപം!

> നീതിക്കായുള്ള ജനകീയ സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിച്ചവരെല്ലാം ചരിത്രത്തിന്റെ ചവറ്റുകുനയിൽ ഒരുനാൾ അടിഞ്ഞുകൂടുമെന്നതാണ് ചരിത്രം!

മുൻ എം.എൽ.എയും ബി.ജെ.പി നേതാവുമായ കപിൽ മിശ്ര ദില്ലിയിലെ ജാഫറാബാദിൽ വെച്ച് പൗരത്വ പ്രതിഷേധ സമരങ്ങൾക്കെതിരായി ഒരു റാലി നടത്തി. ആ റാലിയിൽ അയാൾ ഏറെ പ്രകോപനപരമായ പ്രസംഗമാണ് നടത്തിയത്. ഹിന്ദുത്വവാദികളെ ഇളക്കിവിടുന്ന വിധം ട്വീറ്റ് ചെയ്യുകയും ചെയ്തു. അതിനു പിന്നാലെ പൗരത്വബിൽ അനുകൂലികൾ അക്രമാസക്തരായി സംഘടിച്ചു. പ്രതിഷേധക്കാരുമായി സംഘർഷം നടന്നു. കല്ലേറ് നടന്നു. ഒട്ടേറെ വാഹനങ്ങൾ തകർക്കപ്പെട്ടു.

ആദ്യം നടന്ന ഈ സംഘർഷത്തിന് ശേഷം കപിൽ മിശ്ര ഒരു ഭീഷണികൂടി മുഴക്കി: 'ജാഫറാബാദിലെയും ചാന്ദ്ബാഗിലെയും റോഡുകളിൽനിന്ന് സമരക്കാരെ നീക്കാൻ ദില്ലി പോലീസിന് ഞങ്ങൾ മൂന്നു ദിവസത്തെ സാവകാശം നൽകുന്നു. അതുകഴിഞ്ഞാൽ ഞങ്ങൾ ഇടപെടും. പിന്നെ നിങ്ങൾ പറഞ്ഞാലും ഞങ്ങൾ കേട്ടെന്നു വരില്ല.'

പിന്നീട് ലോകം കാണുന്നത് ദില്ലി കത്തുന്നതായാണ്. പ്രധാനമന്ത്രി അമേരിക്കൻ പ്രസിഡന്റുമായി ഗുജറാത്തിൽ ആഘോഷം നടത്തുമ്പോൾ ദില്ലിയിൽ സംഘപരിവാർ പ്രവർത്തകർ നിറഞ്ഞാടുകയായിരുന്നു. മാധ്യമശ്രദ്ധ മുഴുവൻ ഗുജറാത്തിലായിരിക്കുമ്പോൾ തലസ്ഥാന നഗരിയിൽ രാപകൽ ഭേദമില്ലാതെ പ്രതിഷേധ സമരത്തിൽ ഏർപെട്ടുകൊണ്ടിരിക്കുന്നവരെ കയ്യൂക്കുകൊണ്ട് നേരിടാൻ ഇറങ്ങിയത് വളരെ ആസൂത്രിതമായാണ് എന്ന കാര്യം വ്യക്തമാണ്. കപിൽ മിശ്ര എന്ന വർഗീയവാദി പരസ്യമായി അതിന് ആഹ്വാനം ചെയ്ത് രംഗത്തുവന്നത് കൃത്യമായ അജണ്ടയുടെ ഭാഗം തന്നെയാണ്.

ജാമിഅ മില്ലിയ്യയിൽ വിദ്യാർഥികൾക്കെതിരെ പോലീസ് നടത്തിയ നരനായാട്ട് നാം കണ്ടതാണ്. ഇപ്പോൾ പൊട്ടിപ്പുറപ്പെട്ട സംഘർഷത്തിലും കലാപകാരികൾക്ക് വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നതിൽ ദില്ലി പോലീസ് മുന്നിൽ നിൽക്കുകയാണ്. ജയ് ശ്രീരാം വിളികളുമായി വാഹനങ്ങളിൽ സംഘപരിവാർ തീവ്രവാദികൾ മരണത്തിന്റെ ശംഖൊലിയുമായി റോന്ത് ചുറ്റുകയാണ്. മുസ്‌ലിം വീടുകൾക്ക് നേരെ കല്ലെറിയുന്നു. പേര് ചോദിച്ചറിഞ്ഞ് മുസ്‌ലിമെന്ന് ഉറപ്പാക്കി ക്രൂരമായി മർദിക്കുന്നു. എല്ലാം പോലീസിന്റെ കാവലിൽ!

പൗരത്വ ഭേദഗതി ബില്ലിലൂടെ തങ്ങളുടെ ഗൂഢതാൽപര്യങ്ങൾ നടപ്പിലാക്കാനുള്ള ശ്രമം പരാജയപ്പെടുമോ എന്ന ഭീതിയിലാണ് കേന്ദ്ര സർക്കാർ. പ്രതിഷേധ സമരങ്ങൾക്ക് നാൾക്കുനാൾ ശക്തി കൂടിവരുന്നതും ജാതി, മത, പാർട്ടി വ്യത്യാസമില്ലാതെ എല്ലാവരും അതിൽ അണിചേരുന്നതും തെല്ലൊന്നുമല്ല ഇവരെ ആശങ്കയിലാഴ്ത്തുന്നത്. ഈ പോക്ക് പോയാൽ സർക്കാർ മുട്ടുമടക്കേണ്ടിവരും. ഈ ഭയമാണ് സമരത്തെ അടിച്ചമർത്താൻ ഇവരെ പ്രേരിപ്പിക്കുന്നത്. ഭീതിവിതച്ച് വിജയം കൊയ്യുക എന്ന ഫാഷിസ്റ്റ് തന്ത്രം പയറ്റുകയാണിവർ. നീതിക്കും നിലനിൽപിനും വേണ്ടിയുള്ള ജനകീയ പോരാട്ടങ്ങളെ ചോരയിൽ മുക്കിക്കൊല്ലാനുള്ള ഹീനശ്രമം വിജയിക്കാൻ പോകുന്നില്ല.

ദില്ലിയിൽ ചില മേഖലകളിൽനിന്ന് മുസ്‌ലിംകൾ കുടിയൊഴിഞ്ഞു പോകുകയാണ്. ചില സ്ഥലങ്ങളിൽ വീട്ടിൽനിന്ന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. എത്രയാളുകൾ കൊല്ലപ്പെട്ടു, എത്രപേർക്ക് പരിക്കേറ്റു, എത്ര കുടുംബങ്ങൾക്ക് വീടു നഷ്ടപ്പെട്ടു, എത്രപേർ തെരുവിലായി എന്നൊന്നും വ്യക്തമല്ല. എത്രയും പെട്ടെന്ന് കലാപം കെട്ടടങ്ങട്ടെയെന്നും പ്രയാസങ്ങൾ നേരിട്ടവർക്ക് സർവശക്തൻ ക്ഷമിക്കാൻ കഴിവു നൽകട്ടെ എന്നും ന്യായമായ സമരത്തിൽ വിജയം നൽകട്ടെ എന്നും പ്രാർഥിക്കാം നമുക്ക്.

ശൈഖ് മുഹമ്മദ്ബിൻ റാഷിദ് അൽമക്തൂം
പരിഭാഷ: ഇ.യൂസുഫ് സാഹിബ് ഓച്ചിറ



# 'രാജാധിരാജന്റെ' രാജസന്നിധിയിൽ

*ആധുനിക ദുബൈയുടെ ഭരണാധികാരിയാണ് ശൈഖ് മുഹമ്മദ്ബിൻ റാഷിദ് അൽമക്തൂം. 1949ൽ ജനിച്ച അദ്ദേഹം സ്വദേശത്തെ അൽഅഹ്മദി സ്കൂളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടി. ബ്രിട്ടണിലെ മോൺസ് മിലിട്ടറി അക്കാദമിയിൽ പഠനംപൂർത്തീകരിച്ചു. 1968ൽ ദുബൈ പോലീസിന്റെ മേധാവിയായി ചുമതലയേറ്റു. 1971ൽ പ്രതിരോധമന്ത്രിയുടെ പദവിയിലെത്തി. 1995ൽ ദുബൈയുടെ കിരീടാവകാശിയും 2006 മുതൽ രാജ്യത്തിന്റെ ഭരണാധികാരിയുമാണ്. 2006ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ യു.എ.ഇ.യുടെ വൈസ്പ്രസിഡന്റായി ജനങ്ങളാൽ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ജന്മഭൂമിയുടെ സജീവ സേവനത്തിന്റെ പാതയിൽ വ്യാപൃതനായ അദ്ദേഹം 2018ൽ 50 വർഷം പൂർത്തീകരിച്ചു.*

ഇന്ന് കാണുന്ന ദുബൈക്ക് അത്യാധുനികതയുടെ മുഖംനൽകി പരിവർത്തനത്തിന്റെ പാതയിലേക്ക് കൈപിടിച്ച് നടത്തുന്നതിൽ ശൈഖ് മുഹമ്മദിന്റെ പങ്ക് വിലമതിക്കാനാവാത്തതാണ്. ഭരണീയരും വിദേശികളും ഇത്രകണ്ട് ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു ഭരണാധികാരി ഭൂമുഖത്ത് തന്നെ അത്യപൂർവമാണ്. ഭരണാധികാരത്തിന്റെയോ പ്രൗഢിയുടെയുമൊന്നും മേമ്പൊടികൂടാതെ സമൂഹവുമായി നേരിട്ടിടപെടാൻ ശ്രമിക്കുന്ന ശൈഖ് മുഹമ്മദ് താൻ പിന്നിട്ട അരനൂറ്റാണ്ട് പാതയിലെ അവിസ്മരണീയമായ 50 അനുഭവങ്ങളെ വിശദീകരിച്ചുകൊണ്ട് അറബിയിൽ തയ്യാറാക്കിയ 'ഖിസ്സ്വതീ' എന്ന ആത്മകഥ ഇതിനോടകം ലോകത്ത് ഒട്ടനവധി ഭാഷകളിൽ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്. അതിൽനിന്നുമുള്ള ഒരധ്യായത്തിന്റെ പരിഭാഷയാണ് ഇവിടെ വായനക്കാർക്ക് വേണ്ടി സമർപ്പിക്കുന്നത്.

"എന്റെ പിതാവ് ശൈഖ് റാഷിദ് ദുബൈയുടെ ഭരണാധികാരമേറ്റെടുത്തതിനെ തുടർന്ന് ഞാനും പിതാവിനൊപ്പം ആദ്യമായി വിദേശരാജ്യങ്ങൾ സന്ദർശിക്കാൻ തുടങ്ങി. ഇറാനിലെ ഭരണാധികാരി ആയിരുന്ന അഹ്മദ് രിസാ ഷാ പഹ്‌ലവിയെ സന്ദർശിക്കാനുള്ള യാത്രയിൽ ഞാനും പിതാവിനൊപ്പമുണ്ടായിരുന്നു. രാജക്കന്മാരുടെ രാജാവ്, ഷഹൻഷാ, ചക്രവർത്തി, എമ്പയർ എന്നൊക്കെയാണ് അദ്ദേഹം തന്നെപ്പറ്റി സ്വയം വിശേഷിപ്പിച്ചിരുന്നത്. മയൂര സിംഹാസനത്തിലായിരുന്നു അദ്ദേഹം ഉപവിഷ്ടനായിരുന്നത്.

പ്രജകളിൽനിന്നുള്ള വേർതിരിവിനു വേണ്ടി രാജാക്കന്മാർ സ്വന്തമായി മെനെഞ്ഞെടുക്കുന്ന ഈ പ്രൗഢികളും പ്രഭാവലയങ്ങളുമൊന്നും അന്ന് കേവലം പതിനൊന്ന് വയസ്സുമാത്രം പ്രായമുണ്ടായിരുന്ന എന്നെ ആകർഷിക്കാൻ പര്യാപ്തമായിരുന്നില്ല. തങ്ങൾ ശുദ്ധരക്തത്തിന്റെ ഉടമകളാണെന്നും പ്രത്യേകകൾ നിറഞ്ഞ ഉന്നതകുലജാതരാണെന്നുമൊക്കെ പ്രജകളുടെ മനസ്സിൽ കോറിയിടാനുള്ള ശ്രമങ്ങൾ. ഭരണീയരിൽനിന്നും ദൂരംപ്രാപിക്കാനുള്ള ഈ ശ്രമം കാരണം അവരെത്തന്നെ ജനങ്ങൾ വിദൂരത്തിലാക്കി.

പേർഷ്യൻ സാമ്രാജ്യം സ്ഥാപിക്കപ്പെട്ട് 2500 വർഷങ്ങൾ പിന്നിട്ടതിന്റെ മഹോത്സവങ്ങൾ 1971ൽ നടന്നു. ഞാനും അതിൽ സന്നിഹിതനായിരുന്നു. അന്നാണ് കൂടുതൽ കാര്യങ്ങൾ എനിക്ക് ബോധ്യമായത്. ഏകദേശം 100 മില്യൻ ഡോളർ ചെലവഴിച്ച 'ഉദ്ധർഷ മഹാമഹം.' അക്കാലത്തെ ഏറ്റവും ഭീമമായ ഒരു തുകയാണ് പൗരാണിക പേർഷ്യൻ നഗരമായ പേർസെപൊലീസിൽ നടന്ന ഐതിഹാസിക സമ്മേളനത്തിന് ചെലവഴിച്ചത്.

ഭൂമുഖത്തിന്റെ വിവിധകോണുകളിലുള്ള ഭരണാധികാരികളും നേതാക്കളും ഈ സമ്മേളനത്തിലേക്ക് ക്ഷണിക്കപ്പെട്ടു. 160 ഏക്കറിലായി ഉയർത്തപ്പെട്ട 59 ടെന്റുകൾ. ഇതിന്റെ മധ്യത്തിൽ പൂന്തോട്ടങ്ങൾക്ക് നടുവിലായി പ്രത്യേകമായി അലങ്കരിച്ച തുല്യതയില്ലാത്ത മൂന്ന് വിശിഷ്ട ടെന്റുകൾ പ്രത്യേകം. സമ്മേളനത്തിന്റെ ആവശ്യത്തിനു വേണ്ടി പ്രത്യേകമായി ഒരുക്കപ്പെട്ടവയായിരുന്നു ഇവയെല്ലാം! ഫ്രാൻസിൽനിന്നെത്തിയ ഷെഫുകൾ മയിലിന്റെ നെഞ്ചുഭാഗത്തെ മാംസം ഞങ്ങൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കി. ഭക്ഷണം വിളമ്പാൻ ഏറ്റവും മുന്തിയ ഇനം സെറാമിക്കുകൾ കൊണ്ട് നിർമിക്കപ്പെട്ട വെട്ടിത്തിളങ്ങുന്ന പാത്രങ്ങൾ. ബാക്കോർ ഇനത്തിൽപെട്ട ക്രിസ്റ്റലുകൾകൊണ്ട് നിർമിക്കപ്പെട്ട ആഡംബര ചഷകങ്ങളിൽ ഞങ്ങൾക്കായി പാനീയങ്ങൾ ഒരുക്കപ്പെട്ടു. പൗരാണിക പേർഷ്യൻ സ്മൃതികളും ചരിത്രവും വിളിച്ചോതുന്ന വേഷവിധാനങ്ങളണിഞ്ഞ ആയിരക്കണക്കിന് സൈനികരും. എല്ലാവരും രാജകീയ പ്രൗഢിയും പെരുമയും കാത്തുസൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു.

സമ്മേളനം ഞാൻ ശ്രദ്ധാപൂർവം വീക്ഷിച്ചു. അതിഥികളെ പരിചയപ്പെടാനും അവരെ രാജ്യത്തേക്ക് ക്ഷണിക്കാനും ഞാൻ ആ സന്ദർഭം പ്രയോജനപ്പെടുത്തി. ചെറിയ പ്രായത്തിലായിരുന്നിട്ട് പോലും ഈ ഐതിഹാസിക സമ്മേളന മഹോത്സവം എന്റെ മനസ്സിൽ ചില ചിന്തകൾക്ക് രൂപംനൽകി. ജീവിതകാലത്തൊരിക്കലും വിസ്മരിക്കാനാവാത്ത തരത്തിലുള്ള ഗുണപാഠങ്ങൾ. രണ്ട് രാജ്യങ്ങളും തമ്മിൽ വലിപ്പത്തിൽ വലിയ അന്തരമാണുള്ളതെങ്കിലും, ദുബൈ-എമിറേറ്റ്സിൽ ഞങ്ങൾ പിന്തുടരുന്ന രീതികളും ഭരണാധികാരത്തിൽ രിസാ ഷാ പഹ്‌ലവി സ്വീകരിച്ചിരിക്കുന്ന മാർഗങ്ങളും തമ്മിലുള്ള താരതമ്യമായിരുന്നു അവ.

ആഡംബരത്തിന്റെ സർവാതിരുകളും ലംഘിച്ച ഈ ഐതിഹാസികതക്കൊപ്പം ഞാൻ കണ്ടത് ദാരിദ്ര്യത്തിലും ദൈന്യതയിലുമായി കഴിയുന്ന ഒട്ടനവധി ഇറാനിയൻ ഗ്രാമങ്ങളെയാണ്. വൈദ്യുതിപോലും ചെന്നെത്തിയിട്ടില്ലാത്തവ. ഒരേ നാട്ടിൽതന്നെ പരസ്പര വിരുദ്ധങ്ങളായ രണ്ട് രൂപങ്ങൾ ഒന്നിക്കുന്ന അവസ്ഥ.

ജീവിതം കൊണ്ടും കൊട്ടാരത്തിലെ ആഡംബരങ്ങൾകൊണ്ടും ഭരണീയരിൽനിന്നും ഏറെ വിദൂരംപ്രാപിച്ച് ക

**ഇന്ന് കാണുന്ന ദുബൈക്ക് അത്യാധുനികതയുടെ മുഖം നൽകി പരിവർത്തനത്തിന്റെ പാതയിലേക്ക് കൈപിടിച്ച് നടത്തുന്നതിൽ ശൈഖ് മുഹമ്മദിന്റെ പങ്ക് വിലമതിക്കാനാവാത്തതാണ്. ഭരണീയരും വിദേശികളും ഇത്രകണ്ട് ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു ഭരണാധികാരി ഭൂമുഖത്ത് തന്നെ അത്യപൂർവമാണ്. ഭരണാധികാരത്തിന്റെയോ പ്രൗഢിയുടെയുമൊന്നും മേമ്പൊടികൂടാതെ സമൂഹവുമായി നേരിട്ടിടപെടാൻ ശ്രമിക്കുന്ന ശൈഖ് മുഹമ്മദ് തയ്യാറാക്കിയ 'ക്വിസ്സതീ' എന്ന ആത്മകഥ ഒട്ടനവധി ഭാഷകളിൽ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്.**

ഴിയുന്ന ഇറാനിലെ 'രാജാധിരാജന്റെ' ശൈലികൾ ഒറ്റനോട്ടത്തിൽ എനിക്ക് ഗ്രഹിക്കാനായി. എല്ലാ ദിവസവും നേരം വെളുക്കുന്നതിന് മുമ്പ്തന്നെ സമൂഹത്തിനൊപ്പം തന്റെ പ്രഭാതസവാരിയും വിവിധ പദ്ധതികളുടെ മേൽനോട്ടവും തൊഴിലാളികൾക്കും എഞ്ചിനിയർമാർക്കും ആവശ്യമായ നിർദ്ദേഘദശങ്ങളും നൽകുന്ന എന്റെ പിതാവിനെയായിരുന്നു ഞാൻ കണ്ടുവളർന്നത്.

പൊതുജനങ്ങളെ അദ്ദേഹം തന്റെ തുറന്നസദസ്സിൽ സ്വീകരിച്ചിരുന്നു. അതിഥികൾക്കൊപ്പം അദ്ദേഹം പ്രാതൽ കഴിച്ചു. ഖോർദുബൈയിലെ കസ്റ്റംസ് ഓഫീസിനു സമീപം വളരെ ലളിതമായ ഒരു ഓഫീസ് അദ്ദേഹം ഒരുക്കിയിരുന്നു. തുറമുഖത്തെ ഫ്ളാറ്റ്ഫോമിൽ അദ്ദേഹം ഏറെനേരം ചെലവഴിച്ചിരുന്നു. പുറത്തുനടക്കുന്ന പദ്ധതികളും സംരംഭങ്ങളുമൊക്കെ നേരിൽ കണ്ട് മനസ്സിലാക്കുകയായിരുന്നു ലക്ഷ്യം. തന്റെ മാർഗത്തിൽ ഏറ്റവും ലാളിത്യമാർന്ന ശൈലിയായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്.

എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ ഓഫീസിൽ എത്തുന്ന സന്ദർശകർ അദ്ദേഹമൊരു സാധാരണ ഉദ്യോഗസ്ഥനാണോയെന്ന് പോലും സംശയിച്ചിരുന്നു. വിവിധ പദ്ധതികളുടെ എഞ്ചിനിയർമാരെയും തൊഴിലാളികളെയും അദ്ദേഹം സ്ഥിരമായി നിയന്ത്രിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും അവരുടെ ആവശ്യങ്ങൾ ആരായുകയും ചെയ്തുവന്നിരുന്നു. ഇക്കാരണത്താൽ ചില എഞ്ചിനിയർമാർഅദ്ദേഹത്തെ 'ഫോർമാൻ' എന്നായിരുന്നു സംബോധന ചെയ്തിരുന്നത്. ഈ രണ്ട് ജീവിതങ്ങൾ തമ്മിലുള്ള അന്തരം വളരെ പ്രകടമാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നുവെങ്കിലും ഭരണാധികാരിയായ ഷായുമായി എന്റെ പിതാവിന് നല്ല ബന്ധമായിരുന്നു ഉണ്ടായിരുന്നത്. നിരവധി വിശിഷ്ടാവസരങ്ങളിൽ അദ്ദേഹം ഷായെ സന്ദർശിച്ചിരുന്നു. അതെല്ലാം നല്ല പ്രയോജനങ്ങളായി ഞങ്ങൾക്ക് മടങ്ങിവരികയും ചെയ്തിട്ടുണ്ട്. ഇറാനിലെ ഷായുടെ മാതിരി മയൂരസിംഹാസനത്തിൽ തലയിൽ ഒരു കിരീടവുമേന്തി എന്റെ പിതാവ് റാഷിദ് ഇരിക്കുന്ന ഒരു രീതി എനിക്ക് ഒരിക്കലും സങ്കൽപിക്കുവാൻ പോലും കഴിയുമായിരുന്നില്ല. അദ്ദേഹം ഇതിൽനിന്നെല്ലാം ഏറെ വിദൂരത്താണ്. ലാളിത്യവും നിഷ്ക്കളങ്കതയുമായി അദ്ദേഹം സാമീപ്യം പ്രാപിച്ചിരുന്നു; അതുപോലെതന്നെ ജനങ്ങളുമായും. അതെ, ജനങ്ങളുമായി ഏറ്റവും അടുത്ത് ഇടപഴകാൻ സാധിക്കുകയെന്നതാണ് ഏറ്റവും വലിയ ഗുണപാഠം.

ഒരൽപം നയതന്ത്രതയോടെ ഷാഹ് തനിക്ക് ചുറ്റും ഒന്ന് കണ്ണോടിച്ചിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. അവസാനത്തെ 20 വർഷങ്ങൾ. സിംഹാസനങ്ങൾ കാറ്റിൽ പറന്നു, തനിക്ക് ചുറ്റുമുള്ള ഒട്ടനവധി രാജാധികാരങ്ങൾ നിലംപരിശായി. അവരെല്ലാം എന്നെന്നും നിലനിൽക്കുന്നവരാണെന്നായിരുന്നു നമ്മുടെ ധാരണകൾ. 1952ൽ ഈജിപ്ഷ്യൻ സൈന്യം ഫാറൂഖ് രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി. 1958ൽ ഇറാഖിലെ തന്റെ കൊട്ടാരത്തിൽവെച്ച് കുടുംബത്തിലെ അടുത്ത ബന്ധുക്കൾ തന്നെ ഭരണാധികാരിയായ ഫൈസൽ രാജാവിനെ നിഷ്ഠൂരമായി കൊലപ്പെടുത്തി. 1962ൽ യമനിലെ ഇമാം മുഹമ്മദ് ബദറും അധികാരത്തിൽനിന്നും നിഷ്ക്കാസിതനായി. 1969ൽ കേണൽ മുഅമ്മർ ഗദ്ദാഫി നടത്തിയ സൈനിക അട്ടിമറിയിൽ ലിബിയയിലെ ഭരണാധികാരി ഇദ്‌രീസ് രാജാവിനും അധികാരം നഷ്ടപ്പെട്ടു. സമൂഹത്തിൽ സംഭവിച്ച അതിവേഗ പരിവർത്തനങ്ങൾ!

'രാജാധിരാജൻ ഷാ' ഇതൊന്നും കണക്കിലെടുക്കാൻ തയ്യാറായില്ല. അമേരിക്കയും ബ്രിട്ടണുമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യാശ്രയം. ജനകീയ പിന്തുണയോ സമൂഹത്തിന്റെ സഹായങ്ങളോ അദ്ദേഹത്തിന് ലഭിച്ചതുമില്ല. സ്വന്തം ശൈലിക്ക് അനുസൃതമായ ജീവിതത്തിലും കൊട്ടാരത്തിലെ രാജകീയതയിലും മുഴുകിയിരിക്കുകയായിരുന്നു അയാൾ.

ആഡംബരഭരിതമായ ഈ മാമാങ്കം കഴിഞ്ഞ് എട്ടുവർഷങ്ങൾക്ക് ശേഷം രാജാധിരാജനായി വാണ

രുളിയ ഷാ തന്റെ മയൂരസിംഹാസനത്തിൽനിന്നും നിലംപതിച്ചു. ഇസ്‌ലാമിക വിപ്ലവമെന്ന് പ്രചരിപ്പിക്കപ്പെട്ട, മുല്ലമാർ നയിച്ച കലാപങ്ങളും പ്രകടനങ്ങളുമായിരുന്നു കാരണം. ഷായ്ക്ക് സ്വന്തം നാട്ടിൽനിന്നും പലായനം ചെയ്യേണ്ടിവന്നു. ഒട്ടനവധി രാജ്യങ്ങൾ അദ്ദേഹത്തിന് അഭയം നിഷേധിച്ചപ്പോൾ പലരാജ്യങ്ങൾക്കും അദ്ദേഹം ഒരു 'ഭാരമായി'ത്തീർന്നു. അഭയം തേടിയുള്ള അദ്ദേഹത്തിന്റെ വട്ടംചുറ്റൽ ഈജിപ്തിൽ അവസാനിക്കുന്നതിന് മുമ്പ്, അദ്ദേഹത്തെ സ്വീകരിക്കാൻ വിസമ്മതിച്ചവരിൽ ഭൂരിപക്ഷം യൂറോപ്യൻ രാജ്യങ്ങളും ഉൾപ്പെടുന്നു.

വിപ്ലവകാരികളാൽ തകർത്തെറിയപ്പെട്ട രാജ്യങ്ങളിൽ പോലും പിന്നീട് പുതിയ മേലങ്കികളണിഞ്ഞ് വിപ്ലവകാരികൾ അധികാരത്തിലേറി. രാജവാഴ്ചയുടെ കേന്ദ്രങ്ങളെന്നതിന് പകരം റിപ്പബ്ലിക്കുകളെന്നാണ് അവർ സ്വയം വിശേഷിപ്പിച്ചത്. സ്വന്തമായി രൂപകൽപന ചെയ്ത ഔന്നത്യത്തിന്റെ കൊട്ടാരങ്ങൾ കാരണം അവരും ജനമനസ്സുകളിൽനിന്നും അകന്നുകൊണ്ടിരുന്നു. തങ്ങളുടെ അജണ്ടകളെ പ്രകീർത്തിക്കുന്ന മുഖസ്തുതിക്കാരുടെയും പ്രകീർത്തകരുടെയും ഒരു വലയം സൃഷ്ടിച്ചെടുക്കാൻ അവർക്ക് സാധിച്ചു. 2004ൽ ഞാൻ അവരുമായി സംസാരിച്ചിരുന്നു.' ഞാൻ അവരോടായി പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ജനതക്ക് വേണ്ടി വിപ്ലവം കൊണ്ടുവന്നവരാണ്. സാമ്പത്തികരംഗത്തും നാഗരികതയുടെ പുനഃസൃഷ്ടിപ്പിലും അവർക്ക് മാന്യമായ ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിലും നിങ്ങളുടെ വിപ്ലവം പൂർണമാകണം. നിങ്ങൾ മാറ്റത്തിരുത്തലുകൾക്ക് തയ്യാറാകാത്ത പക്ഷം നിങ്ങൾ അതിജയിക്കപ്പെടും. ഇതെനിക്ക് നേരത്തെതന്നെ ബോധ്യപ്പെട്ടതാണ്. ഈവിഷയത്തിൽ ജീവിതത്തിന്റെ കാലചക്രമെന്തെന്ന് എനിക്ക് അറിയുകയും ചെയ്യാം.' ഖേദകരമെന്ന് പറയട്ടെ, അവരുട രാജ്യങ്ങൾ വിപ്ലവങ്ങളിലും കലാപങ്ങളിലും സമരങ്ങളിലും തകർന്ന് തരിപ്പണമാകുവോളം അവർ എന്റെ വാക്കുകൾ ശ്രവിക്കാൻ തയ്യാറായില്ല. നേരത്തെക്കാൾ കൂടുതലായി രാജ്യം ഒരിക്കൽകൂടി തകർന്ന് തരിപ്പണമായി.

ഈ രാജ്യങ്ങൾ ഇന്ന് എവിടെ എത്തിനിൽക്കുന്നു, യു.എ.ഇ. എവിടെയെത്തി നിൽക്കുന്നു? ശൈഖ് സായിദും റാഷിദും ജനമനസ്സുകളിൽ കുടിയിരിക്കുമ്പോൾ, രാജാധിരാജാവിനും മറ്റുള്ളവർക്കും ചരിത്രത്തിലുള്ള സ്ഥാനം എവിടെയാണ്?

ഭരണത്തിൽ ഞങ്ങൾ സ്വീകരിച്ചിട്ടുള്ള മാർഗങ്ങളും ആ ആരാജ്യങ്ങളും തമ്മിൽ ശ്രദ്ധേയമായ വ്യത്യാസങ്ങളുണ്ട്. ജനങ്ങളുമായുള്ള സാമീപ്യം, താഴ്മയോടെയുള്ള ഇടപെടൽ, അവർക്കു വേണ്ടിയുള്ള സേവന പ്രതിബദ്ധത, അവരുടെ സന്തുഷ്ടിക്കാവശ്യമായ പ്രവർത്തനങ്ങൾ എന്നൊക്കെ അവയെ നിർവചിക്കാം. അഭിവൃദ്ധിക്കും പരാജയത്തിനുമിടയിലെ വ്യത്യാസങ്ങൾ ഇവയാണ്:

പരമാധികാരി അല്ലാഹു മാത്രമാണ്, ഔന്നത്യം അവന് മാത്രം സ്വന്തമാണ്. രാജാധിരാജൻ അവൻ മാത്രമാണ്. അവൻ മാത്രം എന്നെന്നും അവശേഷിക്കുകയും ബാക്കിയെല്ലാം നശിക്കുകയും ചെയ്യും. അഹങ്കാരികളുടെ അധികാരത്തിന് ശാശ്വതത്വമുണ്ടാവുകയില്ല. അഹംഭാവമെന്നത് ദൈവത്തിന് മാത്രം അവകാശപ്പെട്ടതാണ്.

കവിയുടെ വാക്കുകൾ:

'യമനിലെ കിരീടമണിഞ്ഞ രാജാക്കന്മാർ ഇന്നെവിടെയാണ്?

അവരുടെ മുത്തുമാലകൾക്കും കിരീടങ്ങൾക്കും ഇന്നെന്തു സംഭവിച്ചു?

ഇറമിൽ ശദ്ദാദ് പണിതുയർത്തിയ കോട്ടത്തളം ഇന്നെവിടെ?

പേർഷ്യയും സാസാനും സ്ഥാപിച്ച അധികാരം ഇന്നെവിടെ?

ഖാറൂൻ സമ്പാദിച്ചുകൂട്ടിയ സ്വർണക്കൂമ്പാരങ്ങൾ ഇന്നെവിടെയാണ്?

ആദും ശദ്ദാദും ഖഹ്ത്വാനും ഇന്നെവിടെയാണ്...?'

ഭൂമുഖത്ത് സമ്പൂർണ അധികാരം സ്ഥാപിച്ചവർ നാലുപേരാണെന്ന് പറയപ്പെടുന്നു. നംറൂദ്, ബുഖുത്വൻസ്വർ, ദുൽഖർനൈൻ, പിന്നെ സുലൈമാൻﷺ. മനുഷ്യ-ഭൂതങ്ങളിൽ വെച്ച് ഏറ്റവും വലിയ അധികാരം അദ്ദേഹത്തിന്റേതായിരുന്നു.

രാജാവിനോട് സംസാരിക്കാനായി അദ്ദേഹത്തിന്റെ പരേഡിനിടയിലേക്ക് ഇടിച്ചുകയറിയ ഒരു മനുഷ്യന്റെ കഥയുണ്ട്. സൈനികർ അദ്ദേഹത്തെ തടഞ്ഞു. അയാൾ അട്ടഹസിച്ചുകൊണ്ട് വിളിച്ചു പറഞ്ഞു: 'അല്ലയോ രാജാവേ! ദൈവത്തിന്റെ പ്രവാചകനായിരുന്ന സുലൈമാൻﷺ ഒരു ഉറുമ്പിനോട് സംസാരിക്കാൻ അദ്ദേഹത്തിന്റെ യാത്രാസംഘത്തെ നിർത്തുകയും അദ്ദേഹം ഉറുമ്പിന്റെ പരിഭവം ശ്രവിക്കുകയും ചെയ്തു. ഞാൻ ദൈവസന്നിധിയിൽ ആ ഉറുമ്പിനെക്കാൾ നിന്ദ്യനോ? താങ്കൾ സുലൈമാൻ നബിﷺയെക്കാൾ ഉത്കൃഷ്ടനോ അല്ല.' ഇത് കേട്ട രാജാവ്, അയാളുമായി സംസാരിക്കാൻ തന്റെ കുതിരയുടെ പുറത്തുനിന്നും ചാടിയിറങ്ങി.

കവർ സ്റ്റോറി

നബീൽ പയ്യോളി
nabeelpayyoly@gmail.com




# പൗരത്വ സമരം: 'നുണമതിൽ' പണിയുന്നവരെ കരുതിയിരിക്കുക

**പൗരത്വഭേദഗതി നിയമത്തിനെതിരെയുള്ള പ്രതിഷേധങ്ങളെ നിഷ്കാസനം ചെയ്യാൻ വഴിവിട്ട പ്രവർത്തനങ്ങളാണ് സംഘ്പരിവാർ പ്രഭൃതികൾ ചെയ്തുകൊണ്ടിരിക്കുന്നത്. ജാതി-മത-ലിംഗ വ്യത്യാസമില്ലാതെ നീതിക്കായി തെരുവിലൊന്നിച്ചവരെ ഭിന്നിപ്പിക്കാനും തമ്മിലടിപ്പിക്കാനും നുണകളുടെ വന്മതിലുകളാണ് അവർ നിർമിച്ചുകൊണ്ടിരിക്കുന്നത് എന്ന യാഥാർഥ്യം ചെറുത്തുനിൽപുകൾക്കിടയിൽ നാം കാണാതെ പോകരുത്.**

കേന്ദ്ര സർക്കാർ പാസാക്കിയ പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള സമരങ്ങൾ ശക്തമായി തുടരുകയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ബഹുജനപ്രക്ഷോഭങ്ങൾ നിലയ്ക്കാതെ മുന്നോട്ട് പോകുന്നു. കലാലയങ്ങളിൽ പ്രതിഷേധങ്ങൾ അലയടിക്കുകയാണ്. ഏതെങ്കിലും ഒരു വിഭാഗത്തെ അന്യവൽക്കരിക്കാം എന്ന സംഘ്പരിവാർ അജണ്ടയെ തകിടംമറിക്കുന്ന രീതിയിൽ; നിയമത്തെ അനുകൂലിക്കുന്ന സംഘ്പരിവാറും എതിർക്കുന്ന രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളും എന്ന നിലയിലേക്ക് കാര്യങ്ങൾ മാറി. ഇന്ത്യയെന്ന മഹാരാജ്യത്തെ സ്നേഹിക്കുന്നവർക്ക് ഒരിക്കലും ഈ കരിനിയമത്തെ അനുകൂലിക്കുക സാധ്യമല്ല എന്ന വസ്തുത ജനങ്ങൾക്ക് ബോധ്യപ്പെട്ടു. നമ്മുടെ പൂർവികർ ജീ

വൻ ബലിനൽകി പടുത്തുയർത്തിയ ഈ മഹാരാജ്യത്തെ തകർക്കാനുള്ള നീക്കങ്ങൾക്ക് പിന്തുണ നൽകൽ ആത്മഹത്യാപരമാണ് എന്ന് എല്ലാവരും തിരിച്ചറിഞ്ഞു. നിയമത്തെ എതിർക്കാതെ മൗനം പാലിക്കൽ പോലും വലിയ അപരാധമാണെന്നുമുള്ള തിരിച്ചറിവുകൾ പ്രക്ഷോഭങ്ങളിലെ ജന പങ്കാളിത്തവും അതിന്റെ രൂപവും വിളിച്ചുപറയുന്നു. കൊച്ചു കുട്ടികൾ മുതൽ വയോവൃദ്ധർ വരെ തങ്ങളാൽ കഴിയുന്ന രീതിയിൽ പ്രതിഷേധങ്ങളിൽ പങ്കാളികളാകുന്നു. രാജ്യസഭയിലും ലോക്സഭയിലും ഈ നിയമത്തിന് അനുകൂലമായി നിലപാട് സ്വീകരിച്ച എൻ.ഡി.എ ഘടകകക്ഷികൾ പലതും എതിർപ്പ് രേഖപ്പെടുത്തിക്കഴിഞ്ഞു. തങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഈ നിയമം നടപ്പാക്കില്ലെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ വരെ എത്തിനിൽക്കുന്നു പ്രതിഷേധങ്ങൾ.

സംഘ്പരിവാർ ശക്തികൾ കാലങ്ങളായി സ്വപ്നം കാണുകയും പരിശ്രമിക്കുകയും ചെയ്ത ഹിന്ദുത്വ രാഷ്ട്രം എന്നത് ഒരു ദിവാസ്വപ്നം മാത്രമാണെന്നും അത് നടപ്പിലാക്കാതിരിക്കാൻ ഇന്ത്യയിലെ ഭൂരിപക്ഷം ഹൈന്ദവ വിശ്വാസികൾ തന്നെയാണ് പ്രതിരോധം തീർക്കുകയെന്നും സംഘ്പരിവാറിനെ ബോധ്യപ്പെടുത്തുന്നത് കൂടിയാണ് ഈ പ്രതിഷേധങ്ങൾ. പ്രക്ഷോഭങ്ങളെ ഒരിക്കലും അന്യവൽക്കരിക്കാനോ ആരെയെങ്കിലും ഒറ്റപ്പെടുത്തി ആക്രമിക്കാനോ ഇടംനൽകാത്ത വിധം പക്വമായാണ് ഇന്ത്യൻ ജനത ഓരോ പ്രതിഷേധ പരിപാടിയും സംഘടിപ്പിച്ചത്. പ്രകോപനപരമായ പ്രസ്താവനകൾ പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും നിരന്തരം നടത്തിയിട്ടും അതിൽ വീഴാതെ അത്തരം നീക്കങ്ങളെ സർഗാത്മകമായി നേരിടാൻ രാജ്യത്തെ ജനത തയ്യാറായി. അക്രമങ്ങളും പ്രകോപനങ്ങളുമല്ല ജനാധിപത്യ സമരങ്ങളും ഗാന്ധിയൻ സമരമാർഗങ്ങളും ആണ് രാജ്യത്തെ വീണ്ടെടുക്കാൻ ആവശ്യം എന്ന ഉറച്ച ബോധ്യം വിദ്യാർഥികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉണ്ടായിട്ടുണ്ട്. അത് തുടക്കം മുതൽ പാലിക്കാനും കൂടെയുള്ളവരെ ബോധ്യപ്പെടുത്താനും ഓരോരുത്തരും ജാഗ്രത കാണിച്ചിട്ടുമുണ്ട്. ഇത് ഏതെങ്കിലും മത വിഭാഗത്തെ മാറ്റിനിർത്തുന്നു എന്നതിനെതിരെയുള്ള പ്രക്ഷോഭമല്ല; മറിച്ച് രാജ്യത്തിന്റെ ഭരണഘടനയെ തകർക്കുന്നതിനെതിരെയുള്ളതാണ്. അവിടെ ജാതി, മത, വർഗ വർണ, ഭാഷ, വേഷ, രാഷ്ട്രീയ വൈവിധ്യങ്ങൾക്ക് സ്ഥാനമില്ല. ഇന്ത്യയെന്ന വികാരത്തിൽ കോർത്തിണക്കിയ മനസ്സുകൾ ദേശീയ പതാകയേന്തി പ്രതിഷേധങ്ങൾക്ക് കരുത്ത് പകരുകയാണ്. പ്രക്ഷോഭകാരികളുടെ വൈവിധ്യങ്ങളെ തിരിച്ചറിയാൻ പറ്റാത്തവിധം ഒരേകൊടിയും ഒരേമുദ്രാവാക്യവുമാണ് അവർ ഉയർത്തിപ്പിടിക്കുന്നത്. ഇത് സംഘ്പരിവാർ കേന്ദ്രങ്ങളെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്.

പൗരത്വ പ്രക്ഷോഭങ്ങൾക്ക് ഏതെങ്കിലും നിറംനൽകാൻ സാധ്യമാണെങ്കിൽ അത് ത്രിവർണമാണ് എന്നത് രാജ്യം വിളിച്ചുപറയുന്നു. അതിനപ്പുറമുള്ള നീക്കങ്ങൾക്ക് ഞങ്ങളുടെ മനസ്സിൽ ഇടമില്ലെന്ന പ്രഖ്യാപനമാണ് പ്രക്ഷോഭങ്ങളിൽ ഉയരുന്നത്. അതുകൊണ്ട് തന്നെയാണ് നിരന്തരം കളവുകൾ പറയാനും പ്രചരിപ്പിക്കാനും സംഘ്പരിവാർ കിണഞ്ഞു പരിശ്രമിക്കുന്നത്. ഡൽഹിയിൽ ചേർന്ന പ്രതിപക്ഷ പാർട്ടികളുടെ യോഗം ഈ നിലപാടിന് ശക്തിപകരുന്നതായിരുന്നു. വിദ്യാർഥികൾ തന്നെ പ്രക്ഷോഭങ്ങൾ നയിക്കട്ടെ. ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാന

**മുൻ സുപ്രീം കോടതി ജഡ്ജിമാരും അഭിഭാഷകരും സിവിൽസർവീസ് ഉദ്യോഗസ്ഥരും തുടങ്ങി ബ്യൂറോക്രസിയുടെ ഭാഗമായിരുന്നവർ പോലും ശക്തമായ നിലപാടുകളുമായി സമരരംഗത്തുണ്ട്. അത് നൽകുന്ന പ്രതീക്ഷയും ആത്മവിശ്വാസവും തെല്ലൊന്നുമല്ല. രാജ്യത്തെ തകർക്കാനുള്ള നീക്കങ്ങൾക്ക് തടയിടാൻ നിയമപോരാട്ടങ്ങളും ശക്തമായി തുടരുകയാണ്. സാങ്കേതിക കാരണങ്ങൾ പറഞ്ഞു നിയമപോരാട്ടങ്ങളെ നീട്ടിക്കൊണ്ട് പോകാൻ കേന്ദ്ര സർക്കാരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. പാർലമെന്റ് സമ്മേളനത്തിൽ അടക്കം ഈ നിലപാടുകളെ ചോദ്യം ചെയ്യുന്നു നമ്മുടെ ജനപ്രതിനിധികൾ. ഇന്ദ്രപ്രസ്ഥത്തെ ഇളക്കിമറിക്കുന്ന പ്രക്ഷോഭങ്ങളുടെ നാളുകളാണ് ഇനി വരാനിരിക്കുന്നത്.**



ങ്ങൾ പ്രക്ഷോഭങ്ങളുടെ നേതൃത്വം ഏറ്റെടുക്കേണ്ടതില്ല. ആർക്കും അണിചേരാവുന്ന വിധം പ്രതിഷേധങ്ങൾ ജനകീയമാകണം എന്ന നിലപാട് സംഘ്പരിവാർ ശക്തികളുടെ വർഗീയ അജണ്ടകൾക്ക് വലിയ തിരിച്ചടി തന്നെയാണ്. ഡിസംബർ മാസം ആദ്യ വാരം മുതൽ ആരംഭിച്ച പ്രതിഷേധങ്ങൾ അണയാതെ കൂടുതൽ ശക്തമായി മുന്നോട്ട് പോകുന്നത് രാജ്യം മുഴുവൻ സ്വീകരിച്ച ഈ പക്വമായ നിലപാടിന്റെ ഫലമാണ്. സംസ്ഥാന മുഖ്യമന്ത്രിമാരും പാർലമെന്റ്, നിയമസഭാ അംഗങ്ങളും അടക്കമുള്ളവർ പ്രക്ഷോഭങ്ങളിൽ അണിനിരക്കുമ്പോഴും അത് രാഷ്ട്രീയ ലഷ്യങ്ങൾക്ക് ഉപയോഗപ്പെടുത്തരുത് എന്ന ജാഗ്രത കാണിച്ചിക്കുന്നുണ്ട്.

ഈ പ്രതികൂല സാഹചര്യങ്ങളെ മറികടക്കാൻ കുതന്ത്രങ്ങൾ മെനയുകയാണ് സംഘ്പരിവാർ പാളയം. വ്യാജവാർത്തകളും കളവുകളും നിർമിക്കുന്ന തിരക്കിലാണവർ. എന്നാൽ കണ്ണും കാതും കൂർപ്പിച്ച് ഈ നീക്കങ്ങളെ പ്രതിരോധിക്കാനുള്ള ജാഗ്രത ഇന്ത്യക്കാർ കാണിക്കുന്നത് അവരുടെ പദ്ധതികളെ തകർത്തു കളയുന്നു. അധികാരത്തിന്റെ ദണ്ഡുപയോഗിച്ച് പ്രതിഷേധങ്ങളെ അടിച്ചമർത്താൻ സാധ്യമല്ലെന്ന് യോഗി അടക്കമുള്ള സംഘ്പരിവാർ നേതാക്കൾ മനസ്സിലാക്കിയിട്ടുണ്ട്. വർഗീയതയുടെ വിഷവിത്തുകൾ പാകാൻ ഇന്ത്യൻ മണ്ണിൽ ഇടമില്ലെന്ന് അവർക്ക് ബോധ്യപ്പെട്ട് കാണും. ജനിച്ച മണ്ണിൽ ജീവിക്കാനും സമാധാനം പുലരാനും ആഗ്രഹിക്കാത്തവരുമായി ആരാണുണ്ടാവുക? വിദ്വേഷം കുത്തിനിറച്ച മനസ്സുകൾക്ക് സമാധാനം അന്യമായിരിക്കും. ഭയവും ആകുലതയും എന്നും അവരെ വേട്ടയാടിക്കൊണ്ടിരിക്കും. അത് ജീവിതത്തിന്റെ താളം തെറ്റിക്കും. ഈ ബോധ്യങ്ങളാണ് ജാഗ്രതയോടെ നീങ്ങാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

**പൗരത്വ പ്രക്ഷോഭങ്ങൾക്ക് ഏതെങ്കിലും നിറം നൽകാൻ സാധ്യമാണെങ്കിൽ അത് ത്രിവർണമാണ് എന്നത് രാജ്യം വിളിച്ചുപറയുന്നു. അതിനപ്പുറമുള്ള നീക്കങ്ങൾക്ക് ഞങ്ങളുടെ മനസ്സിൽ ഇടമില്ലെന്ന പ്രഖ്യാപനമാണ് പ്രക്ഷോഭങ്ങളിൽ ഉയരുന്നത്. അതുകൊണ്ട് തന്നെയാണ് നിരന്തരം കളവുകൾ പറയാനും പ്രചരിപ്പിക്കാനും സംഘ്പരിവാർ കിണഞ്ഞു പരിശ്രമിക്കുന്നത്.**

മുൻ സുപ്രീം കോടതി ജഡ്ജിമാരും അഭിഭാഷകരും സിവിൽസർവീസ് ഉദ്യോഗസ്ഥരും തുടങ്ങി ബ്യൂറോക്രസിയുടെ ഭാഗമായിരുന്നവർ പോലും ശക്തമായ നിലപാടുകളുമായി സമരരംഗത്തുണ്ട്. അത് നൽകുന്ന പ്രതീക്ഷയും ആത്മവിശ്വാസവും തെല്ലൊന്നുമല്ല. രാജ്യത്തെ തകർക്കാനുള്ള നീക്കങ്ങൾക്ക് തടയിടാൻ നിയമപോരാട്ടങ്ങളും ശക്തമായി തുടരുകയാണ്. സാങ്കേതിക കാരണങ്ങൾ പറഞ്ഞു നിയമപോരാട്ടങ്ങളെ നീട്ടിക്കൊണ്ട് പോകാൻ കേന്ദ്ര സർക്കാരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. പാർലമെന്റ് സമ്മേളനത്തിൽ അടക്കം ഈ നിലപാടുകളെ ചോദ്യം ചെയ്യുന്നു നമ്മുടെ ജനപ്രതിനിധികൾ. ഇന്ദ്രപ്രസ്ഥത്തെ ഇളക്കിമറിക്കുന്ന പ്രക്ഷോഭങ്ങളുടെ നാളുകളാണ് ഇനി വരാനിരിക്കുന്നത്.

ശക്തമായ ഈ സമരത്തെ തകർക്കാനുള്ള നീക്കങ്ങൾ പരാജയപ്പെട്ട സംഘ്പരിവാർ ഡൽഹിയിലെ തെരഞ്ഞെടുപ്പ് വേളയിൽ ആയുധമാക്കിയത് ഷഹിൻ ബാഗിലെ പ്രക്ഷോഭത്തെയാണ്. നൂറുകണക്കിന് അമ്മമാർ മത,ജാതി,വർഗ, വർണ വ്യത്യാസമില്ലാതെ സമരം ചെയ്തുകൊണ്ടിരിക്കുന്നു. അവർക്ക് ലഭിക്കുന്ന പിന്തുണയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഷഹീൻ ബാഗുകൾ ഉയർന്ന് വരുന്നതും കേന്ദ്രസർക്കാരിന് കടുത്തതലവേദനയാണ്. ആ സമരങ്ങൾക്ക് ലഭിക്കുന്ന പിന്തുണ തങ്ങളുടെ മുഖത്തേൽക്കുന്ന അടിയാണെന്ന് അവർ തിരിച്ചറിയുന്നു. അതുകൊണ്ടാണ് ഡൽഹിയിലെ ക്യാമ്പസുകളിലും ഷഹീൻ ബാഗിലും വെടിയുതിർക്കാൻ സംഘ്പരിവാരങ്ങളെ അവർ പറഞ്ഞയക്കുന്നത്. പ്രതിഷേധങ്ങളിൽ കടന്നുകൂടി പാക്ക് അനു



**സംഘ്പരിവാർ ശക്തികൾ കാലങ്ങളായി സ്വപ്നം കാണുകയും പരിശ്രമിക്കുകയും ചെയ്ത ഹിന്ദുത്വ രാഷ്ട്രം എന്നത് ഒരു ദിവാസ്വപ്നം മാത്രമാണെന്നും അത് നടപ്പിലാക്കാതിരിക്കാൻ ഇന്ത്യയിലെ ഭൂരിപക്ഷം ഹൈന്ദവ വിശ്വാസികൾ തന്നെയാണ് പ്രതിരോധം തീർക്കുകയെന്നും സംഘ്പരിവാറിനെ ബോധ്യപ്പെടുത്തുന്നത് കൂടിയാണ് ഈ പ്രതിഷേധങ്ങൾ. ആരെയെങ്കിലും ഒറ്റപ്പെടുത്തി ആക്രമിക്കാനോ അന്യവൽക്കരിക്കാനോ ഇടംനൽകാത്ത വിധം പക്വമായാണ് ഇന്ത്യൻ ജനത ഓരോ പ്രതിഷേധ പരിപാടിയും സംഘടിപ്പിച്ചത്. പ്രകോപനപരമായ പ്രസ്താവനകൾ പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും നിരന്തരം നടത്തിയിട്ടും അതിൽ വീഴാതെ അത്തരം നീക്കങ്ങളെ സർഗാത്മകമായി നേരിടാൻ രാജ്യത്തെ ജനത തയ്യാറായി. അക്രമങ്ങളും പ്രകോപനങ്ങളുമല്ല ജനാധിപത്യ സമരങ്ങളും ഗാന്ധിയൻ സമരമാർഗങ്ങളും ആണ് രാജ്യത്തെ വീണ്ടെടുക്കാൻ ആവശ്യം എന്ന ഉറച്ച ബോധ്യം വിദ്യാർഥികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉണ്ടായിട്ടുണ്ട്.**

കൂല മുദ്രാവാക്യം വിളിക്കുകയും അത് ഒളിക്യാമറയിൽ റെക്കോർഡ് ചെയ്യുകയും ചെയ്ത യുവതിയെ സമരരംഗത്തുള്ള സ്ത്രീകൾ തന്നെ കയ്യോടെ പിടികൂടിയതും നാം കണ്ടു. അത്ര ജാഗരൂകരാണവർ.

ഈ ശ്രമങ്ങളുടെ ഒടുവിലത്തെ ഉദാഹരണമാണ് ഈയിടെ പ്രധാനമന്ത്രി രാജ്യസഭയിൽ നടത്തിയ പ്രസംഗം. 'കേരളത്തിന്റെ മുഖ്യമന്ത്രി വരെ പറയുന്നു ഈ പ്രക്ഷോഭങ്ങളിൽ തീവ്ര ചിന്താഗതിക്കാരുടെ സാന്നിധ്യം ഉണ്ടെന്ന്. കേരളത്തിൽ അങ്ങനെ സംഭവിക്കുന്നു എങ്കിൽ ഡൽഹിയിൽ അതെങ്ങനെ അനുവദിക്കാൻ സാധിക്കും' എന്നതായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. കൃത്യമായ രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് ഈ പ്രസ്താവന അദ്ദേഹം നടത്തിയത് എന്നത് വ്യക്തം. രാജ്യത്ത് ഉയർന്നുവന്ന പ്രക്ഷോഭങ്ങൾക്ക് പിന്നിൽ തീവ്രവാദം ആരോപിച്ച് പ്രക്ഷോഭങ്ങളെ കെടുത്തിക്കളയാം എന്നായിരിക്കും അദ്ദേഹം കണക്ക് കൂട്ടുന്നത്. അത് രാജ്യം അവജ്ഞയോടെ തള്ളിക്കളയും എന്ന് തീർച്ച. കഴിഞ്ഞ ഏതാനും വർഷങ്ങൾ രാജ്യത്തെ ജനങ്ങൾ സ്വീകരിച്ച മൗനം സംഘ്പരിവാരങ്ങൾക്ക് വളരാനുള്ള സാഹചര്യം ഒരുക്കി എന്നത് വസ്തുതയാണ്. എന്നാൽ 2019 ഡിസംബർ 9,10 ദിവസങ്ങൾ ആ മൗനത്തിന്റെ അവസാന ദിവസങ്ങളായിരുന്നു. ഇനി ഞങ്ങൾ ശബ്ദിച്ചുകൊണ്ടേയിരിക്കും, ചോദ്യശരങ്ങൾ നിങ്ങൾക്ക് നേരെ എയ്തുകൊണ്ടേയിരിക്കും. മൗനികളായിരിക്കാൻ ഞങ്ങൾക്ക് മനസ്സില്ല എന്ന് രാജ്യസ്നേഹികൾ മുഴുവൻ ഉറപ്പിച്ച് പറയുന്നു.

പൗരത്വ ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത് മുതൽ മുസ്ലിം സമൂഹം ഒറ്റക്കെട്ടായി സമരരംഗത്തുണ്ട്. അഭിപ്രായവ്യത്യാസങ്ങൾ മാറ്റിവെച്ച് മുഴുവൻ സംഘടനകളും ഒരേവേദിയിൽ അണിനിരന്നപ്പോൾ അവിടെ ഒരിക്കലും തീവ്ര നിലപാടുകാരുടെ സാന്നിധ്യം കണ്ടില്ല. അവർക്കെതിരെയുള്ള നിലപാടിൽ മുസ്ലിം സമൂഹം ഒരിക്കലും വെള്ളം ചേർത്തിട്ടില്ല എന്നതല്ലേ യാഥാർഥ്യം? മുസ്ലിം സമൂഹം ഒന്നിച്ച് നടത്തിയ വമ്പിച്ച പ്രക്ഷോഭമാണ് എറണാകുളത്ത് നടന്നത്. ലക്ഷങ്ങൾ അണിനിരന്ന പ്രസ്തുത സമരം രാജ്യത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതായി മാറി. ദേശീയ നേതാക്കൾ വരെ ആ സമരത്തെയും സംഘാടകരെയും അഭിനന്ദിച്ചു.

തീവ്രനിലപാടുകൾക്ക് തങ്ങൾക്കിടയിൽ ഇടമില്ലെന്ന് പ്രഖ്യാപിച്ചവരാണ് എന്നും മുസ്ലിം സമൂഹം. ആ നിലപാട് കാലങ്ങളായി കാത്തുസൂക്ഷിച്ച് പോരുന്നതുമാണ്. ബാബരി മസ്ജിദ് ധ്വംസനം നടന്നപ്പോഴും ഉത്തരേന്ത്യയിൽ വർഗീയ കലാപങ്ങൾ ഉണ്ടായപ്പോഴും ശരീഅത്ത് വിവാദ കാലത്തുമൊക്കെ വിഷയങ്ങളെ പക്വമായി സമീപിച്ചും വർഗീയധ്രുവീകരണവും സാമുദായിക സ്പർധയും ഉണ്ടാകാനുള്ള സാഹചര്യങ്ങളെ മനഃപൂർവം ഇല്ലാതാക്കിയുമാണ് മുസ്ലിം സമൂഹം മുന്നോട്ട് പോയത്. ബാബരി മസ്ജിദ് വിഷയത്തിൽ സുപ്രീം കോടതിയുടെ വിധി വന്നപ്പോഴും പക്വമായി മാത്രമാണ് മുസ്ലിം സമൂഹം പ്രതികരിച്ചത്. നാട്ടിൽ ശാന്തിയും സമാധാനവും നിലനിൽക്കണം എന്ന നിർബന്ധം സമുദായത്തിന് എന്നുമുണ്ട്. അതുകൊണ്ട് തന്നെയാണ് വർഗീയ ശക്തികൾക്കും അവ



രുടെ കുതന്ത്രങ്ങൾക്കും കേരളമണ്ണിൽ വേരോട്ടമില്ലാതെ പോയത്. ഇത്തരം ശക്തികളുടെ ഇടപെടലുകൾക്ക് പ്രതിരോധം തീർത്തത് മുസ്‌ലിം സമുദായം തന്നെയാണ്. അതുകൊണ്ട് കേരളം ഉത്തരേന്ത്യയിൽ നിന്നും എന്നും വേറിട്ട് നിൽക്കുന്നു. രാജ്യത്തിന് തന്നെ മാതൃകയായി രാഷ്ട്ര പുനർനിർമാണ പ്രക്രിയയിലും ഭരണതലങ്ങളിലും ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ കേരളത്തിലെ മുസ്‌ലിം സമൂഹത്തിന് സാധിച്ചിട്ടുണ്ട്. യുവത്വത്തെ വൈകാരികമായി ഇളക്കിവിട്ട് വർഗീയ, തീവ്രവാദ ചിന്തകളുമായി ചിലർ രംഗത്ത് വന്നപ്പോൾ കേരളത്തിലെ മുസ്‌ലിം യുവത ഒരുമിച്ചുനിന്ന് ചെറുത്ത് അതിനെ തോൽപിച്ച ചരിത്രമാണുള്ളത്. സംഘ്പരിവാർ ശക്തികൾക്ക് തങ്ങളുടെ അജണ്ടകൾ നടപ്പിലാക്കാൻ ഒരു അപരൻ അനിവാര്യമാണ്. പരസ്പരം പാലൂട്ടുന്ന ഈ വിഷസർപ്പങ്ങളെ മലയാളികൾ എന്നേ തിരിച്ചറിഞ്ഞിട്ടുണ്ട്. പക്ഷേ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇത്തരക്കാരെ രാഷ്ട്രീയ ലക്ഷങ്ങൾക്ക് വേണ്ടി ഉപയോഗിച്ചുവരുന്നു എന്നതാണ് ഖേദകരം.

രാജ്യത്തിന്റെ ഐക്യവും സാഹോദര്യവും മതേതരത്വവും മുറിവേൽക്കാതെ കാത്തുസൂക്ഷിക്കാൻ കേരള മുസ്‌ലിംസമൂഹം കാണിച്ച ജാഗ്രത ചരിത്രത്താളുകളിൽ തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ടതാണ്. ഇതാണ് വസ്തുത എന്നിരിക്കെ വർഗീയ, തീവ്രവാദ ധാരക്ക് വളമേകുന്ന പ്രസ്താവനകൾ ആരിൽ നിന്നും ഉണ്ടായിക്കൂടാ; അതും തക്കംപാർത്തിരിക്കുന്ന സംഘ്പരിവാർ സർക്കാർ രാജ്യം ഭരിക്കുമ്പോൾ. പൗരത്വ പ്രക്ഷോഭങ്ങളിൽ രാഷ്ട്രീയ ലാഭം പാടില്ലെന്ന നിലപാടെടുക്കുകയും അത് പാലിക്കുകയും ചെയ്യേണ്ട സമയത്ത് കേവലം രാഷ്ട്രീയ ലാഭങ്ങൾക്ക് വേണ്ടി അപക്വമായ പ്രസ്താവനകൾ നടത്തുന്നത് വലിയ പ്രതിസന്ധികൾക്ക് വഴിയൊരുക്കും. കേരളത്തിന്റെ പശ്ചാത്തലത്തിൽ നടത്തുന്ന വസ്തുതാപരമായ പ്രസ്താവനകൾ പോലും ഉത്തരേന്ത്യയിൽ സംഘ്പരിവാർ ദുരുപയോഗം ചെയ്തേക്കാനുള്ള സാഹചര്യം ഉള്ളപ്പോൾ തെളിവില്ലാത്ത കാര്യങ്ങളിൽ പ്രസ്താവന നടത്തുന്നത് ഒട്ടും അഭികാമ്യമല്ല. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വർഗീയതയുടെ വിത്ത് പാകി മുളപ്പിച്ചാണ് എന്നും സംഘ്പരിവാർ അധികാരത്തിന്റെ സോപാനങ്ങൾ കയ്യടക്കിയത്. ഇത് തിരിച്ചറിയാതെ പോകരുത്. പ്രസ്താവനകളും മുദ്രാവാക്യങ്ങളും രാഷ്ട്രീയമായി ഉപയോഗിക്കാനും ഈ സമരത്തെ തകർക്കാനും സംഘ്പരിവാർ തക്കം പാർത്തിരിക്കുകയാണ്. അതിനാൽ അതീവ ജാഗ്രതയോടെയാണ് നാം മുന്നോട്ട് പോകേണ്ടത്. ഏതെങ്കിലും തരത്തിലുള്ള തെറ്റിദ്ധാരണയോ വിഭാഗീയതയോ ഉണ്ടാക്കാവുന്ന ഇടപെടലുകൾക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചെങ്കിൽ മാത്രമെ ഈ പ്രക്ഷോഭത്തിൽ വിജയിക്കാൻ സാധിക്കുകയുള്ളൂ. തിന്മയെ അതേ നാണയത്തിൽ തിരിച്ചടിച്ച് തോൽപിക്കാം എന്നത് മൗഢ്യമാണ്. നന്മകൊണ്ട് മാത്രമെ തിന്മയെ പിപാടനം ചെയ്യാൻ സാധിക്കുകയുള്ളൂ. ആ തിരിച്ചറിൽ നിന്നാണ് മുസ്‌ലിം സമൂഹം എന്നും നിലപാടുകൾ രൂപപ്പെടുത്തിയിട്ടുള്ളത്. അതിൽ ഏതെങ്കിലും ഘട്ടത്തിൽ വെള്ളം ചേർക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല. ആരുടെ മുന്നിലും അഭിമാനത്തോടെ അത് പറയാൻ മുസ്‌ലിം സമൂഹത്തിന് സാധിക്കും. രാജ്യത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ച ധീരന്മാരുടെ പിൻഗാമികളെ സംശയത്തിന്റെ മുനയിൽ നിർത്തി ഭയപ്പെടുത്താം എന്ന ചിന്ത മൗഢ്യമാണെന്ന് വിനയത്തോടെ ഓർമപ്പെടുത്തട്ടെ.

ജംഷീർ ഇബ്നു ഹൈദ്രോസ്
mail@nerpatham.com

കവിത



# അവസാന നിമിഷങ്ങൾ

പറഞ്ഞു തുടങ്ങിയത് പാതി മുറിഞ്ഞു
അക്ഷരങ്ങളുതിർന്നു വീണു പൊട്ടി
ഉയരത്തിലേക്ക് തുറിക്കുന്നു കൺകൾ
ചുറ്റിലുമായെന്തോ തിരയുന്നു കൈകൾ
ഉമ്മാനെയുപ്പാനെ, തന്റെ നൽപാതിയെ
കൊഞ്ചിച്ചിരിക്കുന്ന ഓമൽ കിടാങ്ങളെ
സ്വന്തമെന്നഹങ്കരിച്ച സ്വത്തുക്കളെ
ഉറ്റവരായിട്ടുള്ളോരെയൊക്കെ!
അവസാനമാണെന്ന ബോധ്യം വരുമ്പോൾ
അവസാനമായൊന്നു ചോദിച്ചു പോകും:
‘തെല്ലൊന്നു നീട്ടിത്തരുമോ ഈ ജീവിതം?’
കൊഞ്ചിച്ചിരിക്കുന്ന പിഞ്ചു പൈതങ്ങൾക്ക്
അവസാന മുത്തം നൽകുവാനല്ല,
ജീവന്റെ പാതിയായ് കൂടെക്കഴിഞ്ഞോളെ
വാരിപ്പുണർന്നൊന്ന് യാത്ര പറയാനല്ല,
വെട്ടിപ്പിടിച്ചു സമ്പാദിച്ചതെല്ലാമെ
എത്രയുണ്ടെന്നെണ്ണി നോക്കുവാനല്ല,
സ്രഷ്ടാവിലേക്കൊന്ന് ഖേദിച്ച് മടങ്ങുവാൻ!
ചെയ്ത പാപങ്ങളെ കഴുകിക്കളയുന്നൊരാ
തൗബ തൻ നീർചാലിലൊന്നു മുങ്ങീടുവാൻ!
ചെയ്യാതെ പോയുള്ള സൽകർമമിത്തിരി-
യെങ്കിലും ചെയ്തൊന്ന് ശുദ്ധിവരുത്തുവാൻ!
ഇല്ല നീട്ടിത്തരില്ലൽപ നേരവും
എന്നറിയുന്നൊരാ നിമിഷമോർത്തീടണം.
കൺചിമ്മി തുറക്കുന്ന നേരത്തിനുള്ളിൽ
തീരുന്നതല്ലയോ ഈ ലോകജീവിതം?
ഓർക്കണം നമ്മൾ മറക്കാതിരിക്കണം
നമ്മെയും കാത്തിരിക്കുന്നുണ്ട് മരണം.
നിനച്ചിരിക്കാത്തൊരു നേരത്തിലായ്
വിളിക്കാതെയെത്തുമാ വിരുന്നുകാരൻ
മടക്കയാത്രയ്ക്ക് മുമ്പു തന്നെ നാം
മടങ്ങണം ഖേദമാൽ റബ്ബിലേക്ക്
നാഥന്റെ തൃപ്തി നേടാനുള്ള മാർഗമിൽ
നിലകൊണ്ട് മരണത്തെ പുൽകിടേണം.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 66, ഭാഗം: 2

# തഹ്‌രീം (നിഷിദ്ധമാക്കൽ)

(മദീനയിൽ അവതരിച്ചത്)

عَسَىٰ رَبُّهُۥٓ إِن طَلَّقَكُنَّ أَن يُبْدِلَهُۥٓ أَزْوَٰجًا خَيْرًا مِّنكُنَّ مُسْلِمَٰتٍ
مُّؤْمِنَٰتٍ قَٰنِتَٰتٍ تَٰٓئِبَٰتٍ عَٰبِدَٰتٍ سَٰٓئِحَٰتٍ ثَيِّبَٰتٍ وَأَبْكَارًا ﴿٥﴾
يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قُوٓا۟ أَنفُسَكُمْ وَأَهْلِيكُمْ نَارًا
وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ عَلَيْهَا مَلَٰٓئِكَةٌ غِلَاظٌ شِدَادٌ
لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿٦﴾
يَٰٓأَيُّهَا ٱلَّذِينَ كَفَرُوا۟ لَا تَعْتَذِرُوا۟ ٱلْيَوْمَ ۖ
إِنَّمَا تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٧﴾

5. (പ്രവാചകപത്നിമാരേ,) നിങ്ങളെ അദ്ദേഹം വിവാഹമോചനം ചെയ്യുന്ന പക്ഷം, നിങ്ങളെക്കാൾ നല്ലവരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ രക്ഷിതാവ് പകരം നൽകിയേക്കാം. മുസ്‌ലിംകളും സത്യവിശ്വാസിനികളും ഭയഭക്തിയുള്ളവരും പശ്ചാത്താപമുള്ളവരും ആരാധനാനിരതരും വ്രതമനുഷ്ഠിക്കുന്നവരും വിധവകളും കന്യകകളുമായിട്ടുള്ള സ്ത്രീകളെ.

6. സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.

7. സത്യനിഷേധികളേ, നിങ്ങൾ ഇന്ന് ഒഴികഴിവ് പറയേണ്ട. നിങ്ങൾ ചെയ്തുകൊണ്ടിരുന്നതിനു മാത്രമാണ് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത്.

5). പിന്നീട് അവരെ രണ്ടുപേരെയും ഭയപ്പെടുത്തുന്നത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രയാസമുള്ള കാര്യത്തെക്കൊണ്ടാണ്. അത് വിവാഹമോചനമാണ്. അതാവട്ടെ, അവർക്ക് ഏറെ വിഷമമുള്ളതാണ്. (പ്രവാചക പത്നിമാരേ) നിങ്ങളെ അദ്ദേഹം വിവാഹമോചനം ചെയ്യുന്ന പക്ഷം നിങ്ങളെക്കാൾ നല്ലവരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ രക്ഷിതാവ് പകരം നൽകിയേക്കാം). നിങ്ങളദ്ദേഹത്തിന്റെ മേൽ ഉയരാൻ ശ്രമിക്കരുത്. നിങ്ങളെ വിവാഹമോചനം ചെയ്യുന്നതുകൊണ്ട് അദ്ദേഹത്തിന് ബുദ്ധിമുട്ട് വരാനില്ല. നിങ്ങളിലേക്ക് അത്യാവശ്യക്കാരനുമല്ല. നിങ്ങളെക്കാളും ഭംഗിയും ദീനീനിഷ്ഠയുമുള്ളവരെ അല്ലാഹു പകരം നൽകിയേക്കും. ഇത് സംഭവിച്ചതോ സംഭവിക്കാൻ സാധ്യതയുള്ളതോ അല്ല. ഒരു അനുബന്ധം പറഞ്ഞെന്നു മാത്രം. കാരണം അദ്ദേഹം അവരെ വിവാഹമോചനം ചെയ്തിട്ടില്ല. ഇനി ചെയ്താലോ, തുടർന്ന് പറയുന്ന ശ്രേഷ്ഠകളായ ഭാര്യമാരെ അദ്ദേഹത്തിന് ലഭിക്കും. (മുസ്‌ലിംകളും സത്യവിശ്വാസിനികളും). അതായത് പ്രത്യക്ഷമായ ഇസ്‌ലാമിക നിയമങ്ങളെ നിർവഹിക്കുന്നതിലും ആന്തരികമായ വിശ്വാസ കാര്യങ്ങളെയും ഹൃദയത്തിന്റെ പ്രവർത്തനങ്ങളും ഒന്നിച്ചുകൊണ്ടുപോകുകയും ചെയ്യുന്നവർ (ഭയഭക്തിയുള്ളവർ) ഭയഭക്തികൊണ്ടുദ്ദേശിക്കുന്നത് മതകാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള അനുസരണവും തുടർച്ചയുമാണ്. (പശ്ചാത്താപമുള്ളവരും) അല്ലാഹു വെറുക്കുന്നതിൽ നിന്നും. അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങൾ നിർവഹിക്കുന്നവർ എന്ന വിശേഷണത്തോടൊപ്പം അവനിഷ്ടമില്ലാത്ത കാര്യങ്ങൾ സംഭവിച്ചാൽ പശ്ചാത്തപിക്കുന്നവർ എന്നു കൂടി പറഞ്ഞു. (വിധവകളും കന്യകകളുമായിട്ടുള്ളവർ) അതിൽ ചിലർ കന്യകകളും ചിലർ വിധവകളുമായിരിക്കും. നബിﷺ ഇഷ്ടപ്പെടുന്ന കാര്യത്തിലുള്ള വൈവിധ്യമാണ് ഇവിടെ ഉദ്ദേശിച്ചത്. ഈ താക്കീതുകളും ഉപദേശങ്ങളും കേട്ടപ്പോൾ പ്രവാചകന്റെ തൃപ്തിയിലേക്കവർ ധൃതിപ്പെട്ടു. ഈ വിശേഷണങ്ങളത്രയും അവർക്കിണങ്ങുന്നതാണ്. അങ്ങനെ അവർ വിശ്വാസിനികളായ സ്ത്രീകളിൽ ശ്രേഷ്ഠരായി.

6). വിശ്വാസം കൊണ്ട് അല്ലാഹു അനുഗ്രഹിച്ചവരേ, നിങ്ങൾ അതിന്റെ നിയമങ്ങളും നിബന്ധനകളും പാലിക്കുക. (സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക). ഏറ്റവും മോശപ്പെട്ടതായി വിശേഷിപ്പിക്കപ്പെട്ട നരകത്തിൽ നിന്ന്. അല്ലാഹുവിന്റെ കൽപനകൾ സ്വീകരിച്ചും വിരോധങ്ങൾ നിരാകരിച്ചും ദേഹങ്ങളെ നരകത്തിൽ നിന്ന് രക്ഷിക്കുക. ശിക്ഷ അനിവാര്യമാക്കുന്ന കാര്യങ്ങളിൽ നിന്നും അല്ലാഹു കോപിക്കുന്നവയിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക.



അല്ലാഹുവിന്റെ കൽപനകൾ സ്വീകരിപ്പിച്ചും ദീനും മര്യാദകളും പഠിപ്പിച്ചും മക്കളെയും കുടുംബത്തെയും നരകത്തിൽ നിന്നും രക്ഷിക്കൂ. അല്ലാഹുവിന്റെ കൽപനകൾ നിർവഹിക്കുകയും തന്റെ കീഴിലും രക്ഷാകർതൃത്വത്തിലും കൈകാര്യത്തിലും ഉള്ളവരെ അത് നിർവഹിപ്പിക്കുകയും ചെയ്യാതെ ഒരടിമ രക്ഷപ്പെടുകയില്ല.

ഈ രൂപത്തിൽ അല്ലാഹു നരകത്തെ വിവരിച്ചത് തന്റെ കൽപനകൽ അടിമകൾ നിസ്സാരമായി കാണാതിരിക്കാൻ അവരെ താക്കീത് ചെയ്യാനാണ്. (മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള). അല്ലാഹു മറ്റൊരിടത്ത് പറയുന്നു:

إِنَّكُمْ وَمَا تَعْبُدُونَ مِن دُونِ ٱللَّهِ
حَصَبُ جَهَنَّمَ أَنتُمْ لَهَا وَٰرِدُونَ

"തീർച്ചയായും നിങ്ങളും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിലെ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വന്നുചേരുക തന്നെ ചെയ്യുന്നതാണ്. (21:98)


(അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല). ആദരണീയരായ മലക്കുകളെക്കുറിച്ചുള്ള പ്രശംസയാണിത്. അവർ അല്ലാഹുവിന്റെ കൽപനകൾക്ക് കീഴൊതുങ്ങുന്നതിനെക്കുറിച്ചും അവരോട് കൽപിച്ച എല്ലാ കാര്യത്തിലും അവർ അവന് ചെയ്യുന്ന അനുസരണത്തെക്കുറിച്ചുമുള്ള പ്രശംസയാണ് ഇതിലുള്ളത്.

7). ഉയിർത്തെഴുന്നേൽപ് നാളിൽ നരകക്കാരെ അല്ലാഹു വഷളാക്കുന്നത് ഇങ്ങനെയാണ്. (സത്യനിഷേധികളേ, നിങ്ങൾ ഇന്ന് ഒഴികഴിവ് പറയേണ്ട). അതായത് ഒഴികഴിവിന്റെ സമയം തീർന്നു. അതിന്റെ പ്രയോജനം ഇല്ലാതായി. ഇപ്പോൾ അവശേഷിക്കുന്നത് പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം മാത്രമാണ്. നിങ്ങൾ ചെയ്തുവെച്ചത് അല്ലാഹുവിനെ നിഷേധിക്കലും അവന്റെ വചനങ്ങളെ കളവാക്കലും അവന്റെ ദൂതനോടും മിത്രങ്ങളോടും ഏറ്റുമുട്ടലും മാത്രമാണ്.

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം

ഫാഷിസം: ചരിത്രം ആവർത്തിക്കുന്നുവോ?: 5



# ഇന്ത്യൻ ഭരണഘടനയും ഡോ. അംബേദ്കറും

രാജ്യത്തിന്റെ 71ാം റിപ്പബ്ലിക് ദിനം കഴിഞ്ഞുപോയത് കഴിഞ്ഞ മാസത്തിലാണ്. ഈ അവസരത്തിൽ റിപ്പബ്ലിക് ദിനത്തെ കുറിച്ചും ഭരണഘടനെയെ കുറിച്ചും ചില കാര്യങ്ങൾ എഴുതുന്നത് ഉചിതമാകുമെന്ന് കരുതുന്നു. കാരണം ഇന്നോളം നേരിട്ടിട്ടില്ലാത്ത വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഘട്ടത്തിലൂടെയാണ് നമ്മുടെ ഭരണഘടന ഇപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയത് 1947, ആഗസ്റ്റ് 15ന് ആണെങ്കിലും അന്ന് നമുക്ക് സ്വന്തമായി ഒരു ഭരണഘടന ഉണ്ടായിരുന്നില്ല. ഒരു ഭരണഘടന തയ്യാറാക്കി അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നത് 1950 ജനുവരി 26ന് ആണ്. ഈ ദിവസമാണ് നമ്മൾ റിപ്പബ്ലിക് ദിനമായി ആചരിക്കുന്നത്. ഭരണ ഘടനയെ കുറിച്ചും അതിന്റെ രചയിതാവായ ഡോ.ബി.ആർ. അംബേദ്ക്കറെ കുറിച്ചും ലഘുവായി ചില കാര്യങ്ങൾ മനസ്സിലാക്കാം.

## ഡോ.ബി.ആർ അംബേദ്കർ എന്ന അത്ഭുത പ്രതിഭ

മഹാരാഷ്ട്രയിലെ ഒരു ദലിത് കുടുംബത്തിൽ 1891ൽ ജനിച്ചു. പട്ടിണിയും പരിവട്ടവും നിറഞ്ഞ കുട്ടിക്കാലം. പ്രാഥമിക വിദ്യാഭ്യാസം സ്വന്തം ഗ്രാമത്തിലെ സ്കൂളിൽ നിന്നാരംഭിച്ചു. താഴ്ന്ന ജാതിക്കാരനായതിനാലും മറ്റ് കുട്ടികളെ തൊടാൻ പാടില്ല എന്നതിനാലും ക്ലാസ്സിനു പുറത്തിരുന്നാണു പഠിച്ചത്. 4ാം ക്ലാസ്സിൽ ഇംഗ്ലിഷ് പാസ്സായ ആ ഗ്രാമത്തിലെ ആദ്യത്തെ ദലിതനായിരുന്നു അംബേദ്കർ.

ഗ്രാമത്തിലെ ദലിതർ കുട്ടിയായ അദ്ദേഹത്തിന് അതിന്റെ പേരിൽ വലിയ സ്വീകരണം തന്നെ നൽകി. ഇത് അംബേദ്ക്കറിന് കൂടുതൽ പഠിക്കണമെന്നും ദലിതർക്ക് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ചിന്തക്കും കാരണമായി. ഹൈസ്കൂൾ വിദ്യാഭ്യാസം ബോംബെയിലെ പ്രശസ്തമായ Elphinstone സ്കൂളിൽ. ഈ സ്കൂളിൽ ചേർന്ന് മെട്രിക്കുലേഷൻ പാസ്സാകുന്ന ആദ്യത്തെ ദലിതനെന്ന പേർ അംബേദ്കർ കരസ്ഥമാക്കി.

1912ൽ ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിലും പൊളിറ്റിക്സിലും ഡിഗ്രി നേടി. ഉന്നത വിദ്യാഭ്യാസത്തിനായി അമേരിക്കയിലെ കോളംബിയ യൂണിവേഴ്സിറ്റിയിൽ സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരം കിട്ടി. അവിടെനിന്ന് 1915ൽ എം.എ എകണോമിക്സ് പാസ്സായി. ഈ മൂന്നു വർഷത്തിനിടക്ക് എകണോമിക്സിൽ മാത്രം അദ്ദേഹം 29 കോഴ്സുകൾ ചെയ്തു. ചരിത്രത്തിൽ 11 കോഴ്സുകളും സോഷ്യോളജിയിൽ 6 കോഴ്സുകളും തത്ത്വചിന്തയിൽ 5 കോഴ്സുകളും മനുഷ്യവംശ ശാസ്ത്രത്തിൽ 4 കോഴ്സുകളും, കൂടാതെ ഫ്രഞ്ച്, ജർമൻ ഭാഷകളിൽ ഓരോ കോഴ്സും ചെയ്തു. 10 ഭാഷകൾ അദ്ദേഹത്തിനു വശമുണ്ടായിരുന്നു!

അമേരിക്കയിലെ പഠനത്തിനു ശേഷം വീണ്ടും ഉന്നത പഠനത്തിനായി ലണ്ടനിലേക്ക് തിരിച്ചു. അവിടെ വെച്ച് നിയമ പഠനം നടത്തി. ഒപ്പം ലണ്ടനിലെ പ്രസിദ്ധമായ London college of economicsൽ ചേർന്ന് സാമ്പത്തിക ശാസ്ത്ര പഠനവും തുടർന്നു.

അംബേദ്ക്കർക്ക് മൊത്തം 4 ഡോക്ടറേറ്റുകൾ കിട്ടിയിട്ടുണ്ട്. ഒരേസമയം നിയമവിദഗ്ധനും സാമ്പത്തിക വിദഗ്ധനും രാഷ്ട്രീയ വിശാരദനും നവോത്ഥാന നായകനുമായിരുന്നു അദ്ദേഹം. വിദേശത്തുനിന്ന് ഡോക്ടറേറ്റ് നേടിയ ആദ്യ ഇന്ത്യക്കാരനാണ് അംബേദ്ക്കർ; അക്കാലത്തെ ഏറ്റവും വിദ്യാഭ്യാസ യോഗ്യത നേടിയ ഇന്ത്യക്കാരനും ദലിതനും. ദലിതന്മാരുടെ ഉന്നമനത്തിനു വേണ്ടി അദ്ദേഹത്തിനു കഴിയാവുന്നത് ചെയ്തു. 1956ൽ മരണപ്പെട്ടു.

## ഭരണഘടന നിർമാണ കമ്മിറ്റിയുടെ ചെയർമാൻ

സ്വാതന്ത്ര്യാനന്തരം ഭരണഘടന രൂപീകരിക്കാൻ തീരുമാനിച്ചപ്പോൾ കമ്മിറ്റിയുടെ ചെയർമാനായി നിയമിക്കപ്പെട്ടത് അംബേദ്ക്കറായിരുന്നു. ഇതിനായി ജീവിതത്തിലെ 3 വർഷം അദ്ദേഹം നീക്കിവച്ചു. അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ്, ജപ്പാൻ, അയർലന്റ്, ഓസ്ട്രേലിയ തുടങ്ങി 60 ഓളം രാജ്യങ്ങളുടെ ഭരണഘടനകൾ അദ്ദേഹം പഠനവിധേയമാക്കി. അവയിൽ നിന്നൊക്കെയുള്ള നല്ല വശങ്ങൾ അദ്ദേഹം ഇന്ത്യൻ ഭരണഘടനയിലുൾപ്പെടുത്തി. ലോകത്തെ ഏറ്റവും വലിയ ഭരണഘടന എന്ന ഖ്യാതി ഇന്ത്യൻ ഭരണഘടനക്കാണ്. 1950, ജനുവരി 26ന് 283 അസംബ്ലി അംഗങ്ങൾ ഈ ഭരണഘടന അംഗീകരിച്ച് ഒപ്പുവച്ച് പ്രാബല്യത്തിൽ വന്നു.

## ഇന്ത്യൻ ഭരണഘടനയും സംഘ്പരിവാറും

പുതുയതായി നിലവിൽവന്ന ഭരണഘടനയിൽ മനുസ്മൃതിയിലെ നിയമങ്ങൾ ഉൾപ്പെടുത്താത്തതിന്റെ പേരിലും എല്ലാ മതത്തിനും ജാതിയിൽ പെട്ടവർക്കും തുല്യസ്ഥാനം നൽകിയതിന്റെ പേരിലും സംഘ്പരിവാർ അംബേദ്ക്കറെ വിമർശിച്ചു.

1966ൽ ഗോൾവൽക്കർ പറഞ്ഞു: "നമ്മുടെ ഭരണഘടന പല വിദേശ രാജ്യങ്ങളുടെയും നിയമങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയതാണ്. ഇതിൽ നമ്മുടേത് എന്ന് പറയാൻ ഒന്നുമില്ല. നമ്മുടെ രാഷ്ട്രദൗത്യത്തെ പറ്റിയും ജീവിതഘടനയെ പറ്റിയും എന്തെങ്കിലും അതിൽ പറയുന്നുണ്ടോ? ഒന്നുമില്ല" (വിചാരധാര).

## സംഘ്പരിവാറും ഇന്ത്യൻ പതാകയും

ത്രിവർണക്കൊടി ഇന്ത്യൻ പതാകയായി പാർലമന്റ് അംഗീകരിച്ചപ്പോൾ ആർ.എസ്.എസ് അതിനെ എതിർത്തു. 'കാവിക്കൊടി' രാജ്യത്തിന്റെ പതാകയാക്കണമെന്നതായിരുന്നു അവരുടെ ആവശ്യം. അവരുടെ ഇംഗ്ലിഷ് പ്രസിദ്ധീകരണമായ Organizerൽ എഴുതി:

"The people who have come to power by the kick of fate may give in our hands the Tricolor but it [will]


never be respected and owned by Hindus. The word three is in itself an evil, and a flag having three colours will certainly produce a very bad spychological effect and is injurious to a coutnry."

“അധികാരത്തിൽ വന്നവർ നമ്മുടെ കയ്യിൽ മൂവർണക്കൊടി നൽകിയേക്കാം. എന്നാൽ ഹിന്ദുക്കൾ (ഹിന്ദുത്വ) അതിനെ ബഹുമാനിക്കുകയില്ല തന്നെ. മൂന്ന് എന്ന വാക്ക് തന്നെ ദുശ്ശകുനമാണ്. മൂന്ന് നിറങ്ങളുള്ള ഒരു പതാക ഒരു മോശം മാനസികാവസ്ഥ ഉണ്ടാക്കുന്നു, രാജ്യത്തിനു ദോഷവും.” (The Organizer, 1947, August 14 ).

ആർ.എസ്.എസിന്റെ ആസ്ഥാനമായ നാഗ്പൂരിലെ ഹെഡ് ഓഫിസിൽ ഇവർ സ്വാതന്ത്ര്യാനന്തരം രണ്ട് തവണ മാത്രമെ ഇന്ത്യൻ ത്രിവർണ പതാക ഉയർത്തിയിട്ടുള്ളൂ. 1947 ഓഗസ്റ്റ് 14നും 1950 ജനുവരി 26നും. അതിനു ശേഷം അവിടെ പതാക ഉയർത്താറില്ല. കാരണം ആ പതാക അവർ അംഗീകരിക്കുന്നില്ല എന്നത് തന്നെ. 2001ൽ മൂന്ന് ആക്റ്റിവിസ്റ്റുകൾ പ്രതിഷേധമെന്നോണം ആർ.എസ്.എസ് ഹെഡ്ക്വാർട്ടേഴ്സിൽ അതിക്രമിച്ചുകടന്ന് പതാക ഉയർത്തി പ്രതിഷേധിക്കുകയുണ്ടായി. ഇത് അന്ന് വലിയ വാർത്തയായി. ഈ സംഭവം The Times Of India പത്രം റിപ്പോർട്ട് ചെയ്തപ്പോൾ അതിന്റെ തലക്കെട്ട് ഇങ്ങനെയായിരുന്നു:

"Tricolour hoisted at RSS center after 52 yrs" (ആർ.എസ്.എസ് ആസ്ഥാനത്ത് 52 വർഷങ്ങൾക്ക് ശേഷം ത്രിവർണ പതാക ഉയർത്തി). (The Times of India. Nagpur. 26 January 2002).

ഇതിലൊരു വലിയ വൈരുധ്യം കൂടി ഒളിഞ്ഞിരിക്കുന്നുണ്ട്. ഭരണഘടനയോടും ത്രിവർണ പതാകയോടും ഇവർക്ക് ബഹുമാനമില്ലെങ്കിലും ബാക്കിയുള്ളവരോട് പതാക ഉയർത്തണമെന്നും ദേശ സ്നേഹം തെളിയിക്കണമെന്നുമൊക്കെ ഇവർ ഇടക്കിടക്ക് ആവശ്യപ്പെടുന്നത് കാണാം. ഈ അടുത്ത കാലത്ത് ഉത്തർപ്രദേശ് മുഖ്യമന്ത്രി പറഞ്ഞത് അവിടെയുള്ള മദ്റസകളിലെല്ലാം പതാക ഉയർത്തുകയും ദേശഭക്തിഗാനം ആലപിക്കുകയും വേണം എന്നാണ്!




## റിപ്പബ്ലിക് ദിനത്തിലെ മുഖ്യാതിഥിയും ചില ദുഃസൂചനകളും

ഈ കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ മുഖ്യാതിഥിയായി വിളിക്കപ്പെട്ടത് ബ്രസീലിലെ പ്രസിഡന്റ് ബോൺസലാരോ ആയിരുന്നുവെന്നത് എല്ലാവരും ശ്രദ്ധിച്ചിരിക്കും. അതിഥിയെ കുറിച്ച് മോശം പറയരുതല്ലോ. എന്നാൽ ഈ അതിഥിയെ പറ്റി നല്ലത് പറയാൻ നോക്കിയിട്ട് ഒന്നുമില്ല, ഉള്ളത് മുഴുവൻ മോശം വാർത്തകളാണ്.

ഇദ്ദേഹം ബ്രസീലിലെ ഒരു ഏകാധിപതിയാണെന്ന് പറയാം. കഴിഞ്ഞ വർഷം ജനുവരിയിലാണ് ഇദ്ദേഹം പ്രസിഡന്റായത്. തൊട്ട് മുമ്പുള്ള പ്രസിഡന്റിനെ കള്ളക്കേസിൽ കുടുക്കിയാണ് ഈ വ്യക്തി പ്രസിഡന്റായത് എന്നാണ് ബ്രസീലിയൻ മാധ്യമമായ The intercept റിപ്പോർട്ട് ചെയ്യുന്നത്. ബ്രസീലിയൻ പത്രപ്രവർത്തകനായ ഗ്രീൻ വാൾഡ് പറയുന്നത് ഇദ്ദേഹമാണ് ജനാധിപത്യലോകം കണ്ടതിൽ ഏറ്റവും വെറുക്കപ്പെട്ട പ്രസിഡന്റ് എന്നാണ്. ബ്രിട്ടീഷ് പ്രസിദ്ധീകരണമായ The Economist ഇയാളെ വിശേഷിപ്പിച്ചത് ‘സ്വേഛാധിപതികളുടെ തലവൻ’ എന്നാണ്. ബ്രസീൽ വീണ്ടും പട്ടാള ഭരണത്തിലേക്ക് പോകുന്നതാണ് എനിക്ക് താൽപര്യം എന്ന് ഇദ്ദേഹം തുറന്നു പറഞ്ഞിട്ടുണ്ട്. മറ്റൊരിക്കൽ പ്രതിപക്ഷത്തായിരിക്കെ ഇങ്ങനെ കൂടി പറഞ്ഞു: ‘(ഇപ്പോഴുള്ള) പ്രസിഡന്റിനെ വെടിവെച്ച് കൊന്നാലേ ബ്രസീലിനെ രക്ഷിക്കാൻ കഴിയൂ.’ ഇയാളൊരു സ്ത്രീ വിരോധിയാണ്. സ്ത്രീകളെ കുറിച്ച് മോശം പരാമർശങ്ങൾ നടത്താറുണ്ട്.

എന്തിനാണു ഇയാളെ അതിഥിയായി വിളിച്ചത്? ഇയാളെ അതിഥിയാക്കിയതിലൂടെ കേന്ദ്ര ഗവൺമെന്റ് നമുക്ക് എന്ത് സന്ദേശമാണ് നൽകിയത്?

ആകർഷണ നിയമം പറയുന്നത് ശരിയാണ്: "Like attracts like.’ ‘സാമ്യമുള്ളത് സാമ്യമുള്ളതിനെ ആകർഷിക്കും!’

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com



ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 6



# വിനയം

വിനയം ഒരു വിശിഷ്ട സ്വഭാവമാണ്. നേതൃത്വമോഹമില്ലായ്മയും സ്ഥാനമാനങ്ങളോടുള്ള വിരക്തിയും വിനയത്തിന്റെ ലക്ഷണങ്ങളാണ്. ഇബാദുർറഹ്മാന്റെ സവിശേഷതകളിൽ ഒന്നായി അല്ലാഹു പറയുന്നു:

"പരമകാരുണികന്റെ ദാസന്മാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരാണ്" (ക്വുർആൻ 25:63).

ഇബ്നുൽക്വയ്യിം പറയുന്നു: 'അഥവാ ആഢ്യതയോ നിഗളിപ്പോ അഹങ്കാരമോ ഇല്ലാതെ സമാധാനവും അടക്കവും വിനയവുമുള്ളവരായി നടക്കുന്നവരാകുന്നു അവർ.'

ഇബ്നുകഥീർ പറയുന്നു: 'സ്വർഗവും മാറിപ്പോവുകയോ നീങ്ങിപ്പോവുകയോ ചെയ്യാത്ത നൈതികമായ സ്വർഗീയ അനുഗ്രഹവും അല്ലാഹു നിശ്ചയിച്ചത് വിനയാന്വിതരും വിശ്വാസികളുമായ അവന്റെ ദാസന്മാർക്കാണെന്ന് അവൻ പ്രസ്താവിക്കുന്നു.'

അല്ലാഹു പറയുന്നു: "ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രികഭവനം നാം ഏർപെടുത്തിക്കൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും"(ക്വുർആൻ 28:83).

വിനയം കാണിക്കുവാനും സൗമ്യതയിൽ വർത്തിക്കുവാനുമുള്ള അല്ലാഹുവിന്റെ കൽപനകൾ ധാരാളമാണ്. മാതാപിതാക്കളുടെ വിഷയത്തിൽ അല്ലാഹു പറയുന്നു:

“കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക” (ക്വുർആൻ 17:24).

“സത്യവിശ്വാസികൾക്ക് നീ നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക” (ക്വുർആൻ 15:88).

“നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക”(ക്വുർആൻ 26:215).

ഇയാദ് ഇബ്നുഹിമാരിؓൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: “നിങ്ങളിൽ ഒരാളും ഒരാളോടും ഗർവ് കാണിക്കാതിരിക്കുകയും ഒരാളും ഒരാളുടെ മേലും അതിക്രമം കാണിക്കാതിരിക്കുകയും ചെയ്യുവോളം നിങ്ങൾ അന്യോന്യം വിനയം കാണിക്കണമെന്ന് അല്ലാഹു എനിക്കു ബോധനം നൽകിയിരിക്കുന്നു”(മുസ്‌ലിം).



വിനയം കാണിക്കുന്നതിന്റെ മഹത്ത്വവും വിനയാന്വിതരുടെ മഹത്ത്വവും അറിയിക്കുന്ന ഹദീഥുകളും ധാരാളമാണ്. അബൂഹുറയ്‌റؓയിൽ നിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു:

“ദാനധർമം ഒരു സ്വത്തും കുറച്ചിട്ടില്ല. വിട്ടുവീഴ്ച കാണിച്ചതിനാൽ അല്ലാഹു ഒരു ദാസനും പ്രതാപമല്ലാതെ വർധിപ്പിച്ചിട്ടുമില്ല. അല്ലാഹുവിന്നായി ഒരാളും വിനയം കാണിച്ചിട്ടില്ല; അവന്ന് അല്ലാഹു ഉയർച്ച നൽകാതെ”(മുസ്‌ലിം).

വിനയത്താൽ ആർഭാടങ്ങൾ ഒഴിവാക്കുന്നവന്റെ വിഷയത്തിൽ നബിﷺ പറഞ്ഞു: “വല്ലവനും അല്ലാഹുവിനോടുള്ള വിനയത്താൽ (ആർഭാട)വസ്ത്രം തനിക്ക് (അത് വാങ്ങി ഉപയോഗിക്കുവാൻ) കഴിഞ്ഞിട്ടുകൂടി അതിനെ ഉപേക്ഷിച്ചാൽ അല്ലാഹു അദ്ദേഹത്തെ (മഹ്ശറിൽ) സൃഷ്ടികൾക്കു മുന്നിലേക്ക് വിളിക്കുകയും പിന്നീട് ഈമാനിന്റെ ഉടയാടകളിൽ നിന്ന് താൻ ഉദ്ദേശിക്കുന്നത് തെരഞ്ഞെടുത്ത് ധരിക്കുവാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യും”(സുനനുത്തിർമിദി. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

തിരുനബിﷺ എല്ലാ സൽസ്വാഭാവങ്ങളുടെയും നിറഞ്ഞ ഉദാഹരണമായിരുന്നു. അവയിൽ ഒരു മഹനീയ സ്വഭാവമായിരുന്നു വിനയം. സ്രഷ്ടാവായ അല്ലാഹുവിനു മുമ്പിൽ വിനയാന്വിതനായിരുന്നു അദ്ദേഹം. പടപ്പുകളോട് വിനയത്തിലും കാരുണ്യത്തിലുമായിരുന്നു നബിﷺ പെരുമാറിയുരുന്നത്.

“(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു” (ക്വുർആൻ 3:159).

അബൂദർറ്ؓ, അബൂഹുറയ്‌റؓ എന്നിവർ പറയുന്നു: “അല്ലാഹുവിന്റെ തിരുദൂതർﷺ തന്റെ അനുചരന്മാരോടൊത്ത് ഇരിക്കുമായിരുന്നു. എത്രത്തോളമെന്നാൽ അപരിചിതനായ ഒരു വ്യക്തി വന്നാൽ തങ്ങളിൽ ആരാണ് നബിയെന്ന് ചോദിച്ചു മനസ്സിലാക്കുന്നതുവരെ അയാൾക്ക് അറിയുമായിരുന്നില്ല. അതിനാൽ അപരിചിതൻ വന്നാൽ തിരുമേനിയെ തിരിച്ചറിയുവാൻ ഒരു ഇരിപ്പിടം ഉണ്ടാക്കിക്കൊടുക്കുവാൻ അദ്ദേഹത്തോട് ഞങ്ങൾ ആവശ്യപ്പെട്ടു” (സുനനുത്തിർമിദി. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

അബ്ദുല്ലാഹ് ഇബ്നു ശിഖ്ഖീറിؓൽനിന്നും നിവേദനം: “ബനൂആമിർ സംഘത്തോടൊപ്പം ഞാൻ



നബിﷺയുടെ അടുക്കൽ പോയി. ഞങ്ങൾ പറഞ്ഞു: 'താങ്കൾ ഞങ്ങളുടെ സയ്യിദ് ആണ്.' തിരുമേനി പറഞ്ഞു: 'സയ്യിദ് അല്ലാഹുവാണ്.' ഞങ്ങൾ പറഞ്ഞു: 'താങ്കൾ ഞങ്ങളിൽ അതിശ്രേഷ്ഠരും മഹത്തായ നേതൃത്വം ഉള്ളവരുമാകുന്നു.' അപ്പോൾ തിരുമേനിﷺ പറഞ്ഞു: 'നിങ്ങൾക്ക് പറയുവാനുള്ള വാക്കുകൾ നിങ്ങൾ പറയുക. നിങ്ങളെ പിശാച് വഴിതെറ്റിക്കാതിരിക്കട്ടെ" (സുനനു അബീദാവൂദ്. അൽബാനി സ്വഹീഹാക്കിയത്).

മറ്റൊരിക്കൽ, 'തിരുദൂതരേ, ഞങ്ങളിൽ ശ്രേഷ്ഠരേ, ഞങ്ങളിൽ ശ്രേഷ്ഠരുടെ പുത്രരേ! ഞങ്ങളുടെ സയ്യിദേ, ഞങ്ങളുടെ സയ്യിദിന്റെ പുത്രരേ... തുടങ്ങിയുള്ള വിളികളുമായി വന്നവരോടു തിരുമേനിﷺ പറഞ്ഞു: "ജനങ്ങളേ, നിങ്ങളുടെ വാക്കുകൾ നിങ്ങൾ പറഞ്ഞുകൊള്ളുക. പിശാച് നിങ്ങളെ വഴി തെറ്റിക്കാതിരിക്കട്ടെ. ഞാൻ അല്ലാഹുവിന്റെ ദാസനും ദൂതനുമായ മുഹമ്മദ് ആണ്. അല്ലാഹു എന്നെ അവരോധിച്ച സ്ഥാനത്തിന് മുകളിലേക്ക് നിങ്ങൾ എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല" (മുസ്നദു അഹ്മദ്. അർനാഊത്വ് ഹദീഥിന്റെ സനദ് സ്വഹീഹാണെന്ന് വിശേഷിപ്പിച്ചു).

അനസിؓൽനിന്നും നിവേദനം. അദ്ദേഹം പറഞ്ഞു: "അദ്ദേഹത്തിന്റെ വല്യുമ്മയായ മുലൈക, അവർ പാകം ചെയ്ത ഭക്ഷണത്തിലേക്ക് തിരുമേനിﷺയെ ക്ഷണിച്ചു. അപ്പോൾ തിരുമേനിﷺ അതിൽനിന്ന് ഭക്ഷിച്ചു. അവിടുന്ന് പറഞ്ഞു: 'എഴുന്നേൽക്കുക. ഞാൻ നിങ്ങളോടൊത്ത് നമസ്കരിക്കാം.' അപ്പോൾ ഞാൻ ഞങ്ങളുടെ ഒരു പായ എടുക്കുവാൻ എഴുന്നേറ്റു. അത് ദീർഘനാൾ ഉപയോഗിച്ചതിനാൽ കറുത്തുപോയിരുന്നു. അങ്ങനെ ഞാൻ അതിൽ വെള്ളംതളിച്ചു. തിരുദൂതർﷺ നമസ്കരിക്കുവാൻ നിന്നു. ഒരു അനാഥൻ എന്നോടൊപ്പവും. ഞങ്ങളുടെ പിന്നിൽ വൃദ്ധയായ സ്ത്രീയും. അങ്ങനെ നബിﷺ ഞങ്ങളോടൊത്ത് രണ്ടു റക്അത്ത് നമസ്കരിച്ചു" (ബുഖാരി, മുസ്ലിം).

അബൂബകർؓ ഉമർؓവിനോടു പറഞ്ഞു: "...നമുക്കൊന്നിച്ച് ഉമ്മുഅയ്മന്റെ അരികിലേക്ക് പുറപ്പെടാം. തിരുദൂതർﷺ അവരെ സന്ദർശിച്ചിരുന്നതുപോലെ നമുക്കും അവരെ സന്ദർശിക്കാം..." (മുസ്ലിം).

അനസിؓൽ നിന്ന് നിവേദനം: "യഹൂദനായ ഒരു കുട്ടി നബിﷺക്ക് സേവനം ചെയ്തിരുന്നു. ആ കുട്ടി രോഗിയായി. അപ്പോൾ നബിﷺ കുട്ടിയെ രോഗസന്ദർശനം നടത്തുവാൻ വന്നു. നബിﷺ കുട്ടിയുടെ തലക്കരികിൽ ഇരുന്നു. എന്നിട്ട് കുട്ടിയോട് പറഞ്ഞു: 'നീ ഇസ്ലാം സ്വീകരിക്കൂ.' ആ കുട്ടി തന്റെ അടുക്കലുള്ള പിതാവിലേക്ക് നോക്കി. പിതാവ് കുട്ടിയോടു പറഞ്ഞു: 'അബുൽക്വാസിമിനെ (നബിയുടെ വിളിപ്പേരാണ് അബുൽക്വാസിം) അനുസരിക്കുക.' അപ്പോൾ കുട്ടി ഇസ്ലാം സ്വീകരിച്ചു. ആ കുട്ടിയെ നരകത്തിൽ നിന്ന് രക്ഷപ്പെടുത്തിയ അല്ലാഹുവിനു മാത്രമാകുന്നു സ്തുതികൾ മുഴുവനും എന്നു പറഞ്ഞു കൊണ്ട് നബിﷺ പുറപ്പെട്ടു" (ബുഖാരി).

സഹ്ൽ ഇബ്നു സഅ്ദിؓൽ നിന്ന് നിവേദനം: "അല്ലാഹുവിന്റെ തിരുദൂതർക്കരികിലേക്ക് ഒരു പാനീയം കൊണ്ടുവരപ്പെട്ടു. അദ്ദേഹം അതിൽ നിന്ന് കുടിച്ചു. നബിയുടെ വലതു ഭാഗത്ത് ഒരു കുട്ടിയും ഇടതു ഭാഗത്ത് പ്രായമുള്ളവരുമായിരുന്നു. നബിﷺ കുട്ടിയോടു ചോദിച്ചു: 'ഇവർക്കു നൽകുവാൻ നീ അനുവാദം തരുമോ?' കുട്ടി പറഞ്ഞു: 'അല്ലാഹുവാണെ, തിരുദൂതരേ, താങ്കളിൽനിന്നുള്ള എന്റെ വിഹിതത്തിൽ ഞാൻ ഒരാൾക്കും പ്രാമു



ഖ്യം കൽപിക്കില്ല.' ഉടൻ തിരുദൂതർ അത് ആ കുട്ടിയുടെ കയ്യിൽ വെച്ചു കൊടുത്തു" (ബുഖാരി).

അനസിؓൽ നിന്ന് നിവേദനം: "ഒരു ജൂതൻ നബിﷺയെ ഗോതമ്പുറൊട്ടിയും മണപ്പകർച്ച വന്ന നെയ്യും (ഒരുക്കി അതിലേക്ക്) ക്ഷണിച്ചു. അപ്പോൾ തിരുമേനി ആ ജൂതനു ഉത്തരമേകി" (മുസ്നദുഅഹ്മദ്, അർനാഊത് സ്വഹീഹെന്ന് വിശേഷിപ്പിച്ചു.)

വിനയത്തിന്റെ നിറകുടമായിരുന്ന തിരുദൂതരുടെ മഹനീയ ജീവിതത്തിന്റെ ചില ചരിത്ര സാക്ഷ്യങ്ങൾ കൂടി ഇവിടെ നമുക്ക് വായിക്കാം. ഉമറിؓൽ നിന്നും നിവേദനം:

"അല്ലാഹുവിന്റെ തിരുദൂതർﷺ ഒരു പായയിൽ കിടക്കുകയായിരുന്നു. തിരുമേനിﷺയുടെയും പായയുടെയും ഇടയിൽ (വിരിപ്പൊന്നും) ഉണ്ടായിരുന്നില്ല. ഈത്തപ്പനനാരു നിറച്ച തോലിന്റെ ഒരുതലയിണ അദ്ദേഹത്തിന്റെ തലക്കടിയിലുണ്ടായിരുന്നു. തിരുമേനിﷺയുടെ കാലുകൾക്കരികിൽ തോലുകൾ ഊറക്കിടുവാൻ ഉപയോഗിക്കുന്ന കൊന്നയും തലക്കരികിൽ കെട്ടിത്തൂക്കിയ തോൽസഞ്ചികളും ഉണ്ടായിരുന്നു. പായയുടെ അടയാളങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ പാർശ്വഭാഗത്ത് ഞാൻ കണ്ടു. ഞാൻ കരഞ്ഞു. തിരുമേനിﷺ ചോദിച്ചു: 'താങ്കളെ കരയിക്കുന്നത് എന്താണ്?'ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, കിസ്റയും ഖയ്സറും (അവിശ്വാസികളായിട്ടും) എത്രമാത്രം ഭൗതിക സുഖങ്ങളിലാണ്! താങ്കൾ അല്ലാഹുവിന്റെ റസൂലായിട്ടും (എത്രമാത്രം ഭൗതിക വിരക്തിയിലാണ്!)' അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'അവരിരുവർക്കും ഇഹലോക സുഖങ്ങളും എനിക്ക് പാരത്രികവിജയവും ആകുന്നത് താങ്കൾ ഇഷ്ടപ്പെടുന്നില്ലേ?" (ബുഖാരി, മുസ്ലിം).

സഹോദരീ പുത്രൻ ഉർവؓയുടെ ചോദ്യത്തിനു മറുപടിയായി ആഇശؓ പറയുന്നു: "സഹോദരിയുടെ പുത്രാ, ഉദയചന്ദ്രനിലേക്ക് ഞങ്ങൾ നോക്കുമായിരുന്നു. പിന്നെയും നോക്കും. രണ്ടു മാസങ്ങളിലായി മൂന്ന് ഉദയചന്ദ്രന്മാർ. അല്ലാഹുവിന്റെ റസൂലിﷺന്റെ വീടുകളിൽ തീ കത്തിക്കപ്പെട്ടിട്ടുണ്ടാവില്ല." (ഉർവؓ പറയുന്നു:) ഞാൻ ചോദിച്ചു: 'മാതൃസഹോദരീ, നിങ്ങളുടെ ജീവിതമാർഗം എന്തായിരുന്നു?' അവർ പറഞ്ഞു: 'അൽഅസ്വദാനി, അഥവാ വെള്ളവും കാരക്കയും"(ബുഖാരി).

അബൂഹുറയ്റؓയിൽ നിന്ന് നിവേദനം: "ഗോതമ്പുറൊട്ടിയിൽനിന്ന് വയറുനിറഞ്ഞിട്ടില്ലാത്ത അവസ്ഥയിലാണ് അല്ലാഹുവിന്റെ ദൂതർﷺ ഭൗതികലോകത്തുനിന്ന് യാത്രയായത്"(ബുഖാരി).

വ്യാജവാദികളും കപടന്മാരും ആഇശؓക്കെതിരൽ ആരോപണമുന്നയിക്കുകയും അപവാദ പ്രചാരണം നടത്തുകയും ചെയ്ത വിഷയത്തിൽ അല്ലാഹു അവരെ നിരപരാധിയാക്കി. അന്ത്യനാളുവരേക്കും പാരായണം ചെയ്യപ്പെടുന്ന വിശുദ്ധ വചനങ്ങൾ അല്ലാഹു അവരുടെ വിഷയത്തിൽ അവതരിപ്പിച്ചു. അവർ നല്ല സ്ത്രീകളിൽ പെട്ടവരാണെന്ന് അല്ലാഹു സാക്ഷ്യം പറഞ്ഞു. അല്ലാഹു അവർക്കു പാപമോചനവും നല്ല ഉപജീവനവും വാഗ്ദാനം ചെയ്തു. ഇത്തരം ഉന്നത സ്ഥാനങ്ങളെല്ലാം ഉണ്ടായിട്ടും അവർ അല്ലാഹു വിനു മുന്നിൽ വിനയപ്പെടുകയും ഇപ്രകാരം പറയുകയും ചെയ്തു:

"അല്ലാഹുവാണേ സത്യം! പാരായണം ചെയ്യപ്പെടുന്ന ഒരു വഹ്‌യ് (ദിവ്യബോധനം) എന്റെ പേരിൽ അല്ലാഹു അവതരിപ്പിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. എന്റെ വിഷയത്തിൽ അല്ലാഹു വല്ലതും സംസാരിക്കുന്നതിനെക്കാൾ എത്രയോ എളിയവളാണ് ഞാൻ എന്നതാണ് എന്റെ കാര്യം'' (ബുഖാരി).

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com

ഖുർആൻ പാഠം

# മുഹമ്മദ്നബി: ഉത്തമമാതൃക

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്" (ക്വുർആൻ 33:21).

പല ആശയങ്ങളും നമുക്ക് നൽകുന്ന ഒരു ക്വുർആൻ വചനമാണിത്. മുഹമ്മദ് നബിﷺ അല്ലാഹുവിൽ നിന്നുള്ള ദൂതനാണ് എന്ന സുപ്രധാനമായ ആശയമാണ് ഇതിൽ ഒന്നാമത്തേത്. പ്രവാചകൻ ദൈവദൂ തനാണ് എങ്കിൽ ആ പ്രവാചകനെ അനുസരിക്കുക എന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം അത്യന്താ പേക്ഷിതമായ കാര്യമാണ് എന്ന കാര്യത്തിൽ തർക്കമില്ലല്ലോ.

മനുഷ്യർക്ക് പൊതുവെയും സത്യവിശ്വാസികൾക്ക് പ്രത്യേകിച്ചും മുഹമ്മദ്നബിﷺയിൽ ഉത്തമമായ മാതൃകയുണ്ട് എന്നതാണ് രണ്ടാമത്തെ ആശയം. അല്ലാഹുവിന്റെ ദൂതൻ അനുകരിക്കപ്പെടാനുള്ള വ്യക്തിയല്ലെങ്കിൽ പിന്നെ ആരാണ് ആ യോഗ്യതയുള്ളവർ? വേറെ ആരിലാണ് അനുകരിക്കപ്പെടാവുന്ന മാതൃക നാം കണ്ടെത്തുക? 'ഉത്തമമായ മാതൃക' എന്ന് പറഞ്ഞതും ശ്രദ്ധേയമാണ്. അഥവാ വിശ്വാസരംഗത്തും കർമരംഗത്തും ആചാരരംഗത്തും അനുഷ്ഠാനരംഗത്തും സ്വഭാവ, സാംസ്കാരിക രംഗത്തും തുടങ്ങി ജീവിതത്തിന്റെ നിഖില മേഖലകളിലും ഏറ്റവും ഉദാത്തമായ മാതൃക പ്രവാചകനിൽ നമുക്ക് കാണാൻ സാധിക്കും. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങി വ്യത്യസ്തങ്ങളായ മേഖലകളിലെല്ലാം അതുല്യമായ ജീവിത മാതൃക കാണിച്ചിട്ടുണ്ട് ആ മഹാനായ പ്രവാചകൻﷺ.

'അല്ലാഹുവിനെയും പരലോകത്തെയും പ്രതീക്ഷിക്കുന്ന ആളുകൾക്ക് പ്രവാചകനിൽ മാതൃകയുണ്ട്' എന്ന് പറഞ്ഞതും ശ്രദ്ധിക്കുക. മനുഷ്യന്റെ ഏത് കാര്യത്തെയും യഥാർഥത്തിൽ നിയന്ത്രിക്കുന്നത് അവന്റെ വിശ്വാസമാണല്ലോ. ഓരോ മനുഷ്യന്റെയും മനസ്സിലുള്ള നിലപാടുകൾ അനുസരിച്ചാണ് അവൻ പ്രവർത്തിക്കുന്നതും വിശ്വസിക്കുന്നതുമൊക്കെ. ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ആശയം നിങ്ങൾ യഥാർഥആരാധ്യനായ അല്ലാഹുവിൽ വിശ്വസിക്കുമ്പോൾ മാത്രമാണ് ശരിയായ ധാർമികമായ ജീവിതം നിങ്ങൾക്ക് നയിക്കാൻ കഴിയുക എന്നതാണ്. അതോടൊപ്പം തന്നെ മരണാനന്തരം ഒരു ജീവിതമുണ്ട് എന്നും ഈലോക ജീവിതത്തിലെ കണക്കുകൾ അവിടെ ബോധിപ്പിക്കേണ്ടതുണ്ട് എന്നുമുള്ള ധാരണ മനുഷ്യനിൽ ഉണ്ടാകണം.

അല്ലാഹുവാണ് ആ ദൂതനെ അയച്ചതെന്നും മരണാനന്തരം ഒരു ജീവിതമുണ്ടെന്നും അവിടെ കർമങ്ങൾ ചോദ്യം ചെയ്യപ്പെടുമെന്നും അവിടെ എന്റെ കർമങ്ങളെല്ലാം അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യയോഗ്യമായിരിക്കണമെന്നും ആഗ്രഹിക്കുന്നവർക്ക് മാത്രമെ പ്രവാചകനെ മാതൃകയാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് അല്ലാഹു അവിടെ പ്രത്യേകം ഈ കാര്യം എടുത്തുപറഞ്ഞത്.

'അല്ലാഹുവിനെ ധാരാളമായി ഓർക്കുന്നവർക്കും പ്രവാചകനിൽ മാതൃകയുണ്ട്' എന്ന വാക്യവും ശ്രദ്ധേയം തന്നെ. കാരണം അല്ലാഹുവിനെ അറിയുന്നവർക്കും അവനെ ഇഷ്ടപ്പെടുന്നവർക്കും മാത്രമെ പ്രവാചകന്മാരുടെ മഹത്ത്വവും അവരെ പിന്തുടരേണ്ടതിന്റെ പ്രാധാന്യവും മനസ്സിലാവുകയുള്ളൂ.

അല്ലാഹുവിനെ നമ്മൾ ആരും കണ്ടിട്ടില്ല. അവന്റെ ഇഷ്ടങ്ങൾ നമുക്കാർക്കും സ്വന്തം നിലയ്ക്ക് അറിയുക സാധ്യവുമല്ല. പരലോകത്തിന്റെ യാഥാർഥ്യങ്ങളെ സംബന്ധിച്ചോ വരാനിരിക്കുന്ന സംഭവവികാസങ്ങളെ സംബന്ധിച്ചോ നമുക്കറിയില്ല. അപ്പോൾ പിന്നെ നമുക്ക് അവലംബിക്കാവുന്ന ഒരു പ്രമാണം ഉണ്ടെങ്കിൽ മാത്രമെ മരണാനന്തര ജീവിതത്തിനായി ഒരുങ്ങുവാൻ സാധിക്കുകയുള്ളൂ. അപ്രകാരം മരണാന്തര ജീവിതത്തിൽ നമുക്ക് വിജയിക്കാനായി അവലംബിക്കാവുന്ന പ്രമാണവുമായിട്ടാണ് മഹാനായ മുഹമ്മദ് നബിﷺ വന്നിട്ടുള്ളത്. ജീവിതവിജയം ആഗ്രഹിക്കുന്നവർ ആ പ്രവാചകനെ അനുധാവനം ചെയ്തേ മതിയാവൂ.

'നീ പറയുക: നിങ്ങൾ അല്ലാഹുവെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ. എന്നാൽ നിങ്ങൾ പിന്തിരിയുന്ന പക്ഷം അദ്ദേഹം (റസൂൽ) ചുമതലപ്പെടുത്തപ്പെട്ട കാര്യത്തിൽ മാത്രമാണ് അദ്ദേഹത്തിന് ബാധ്യതയുള്ളത്. നിങ്ങൾക്ക് ബാധ്യതയുള്ളത് നിങ്ങൾ ചുമതല ഏൽപിക്കപ്പെട്ട കാര്യത്തിലാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്ക് സൻമാർഗം പ്രാപിക്കാം. റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു" (ക്വുർആൻ 24:54).

മുംതസിർ പെരിങ്ങത്തൂർ
mail@nerpatham.com



# ബൽജീരിയൻ റോസ്

വെള്ള മുണ്ടും കുപ്പായവും ആണ് അബ്ദുല്ല ഹാജിയുടെ സ്ഥിരം വേഷം. അവിടവിടെയായി നരച്ച താടിരോമങ്ങളിൽ മൈലാഞ്ചിച്ചുവപ്പ് തിളങ്ങുന്നുണ്ട്. ഉംറ കഴിഞ്ഞു വീട്ടിലെത്തിയിട്ട് ഒരാഴ്ച ആകുന്നതേയുള്ളൂ. പള്ളിയിൽ നിന്ന് ബാങ്ക് വിളിക്കുന്നത് കേട്ടപ്പോൾ തന്നെ അയാൾ പള്ളിയിലേക്കിറങ്ങാൻ തുടങ്ങി. മകൻ വിദേശത്ത് നിന്നും കൊടുത്തയച്ച ബൽജീരിയൻ റോസിന്റെ മണമുള്ള അത്തറും കൈവെള്ളയിൽ തേച്ച്, മൂല്ലപ്പൂനിറമുള്ള തന്റെ തൊപ്പിയും തലയിൽ വെച്ച് അയാൾ പള്ളിയിലേക്ക് നടന്നു.

വഴിയിൽ വെച്ചാണ് സുഹൃത്ത് സലാമിനെ കണ്ടത്. മുമ്പ് ചെയ്ത ഉംറയെക്കുറിച്ചും ഇത്തവണ ചെയ്ത ഉംറയെക്കുറിച്ചും ഹറമിൽ വന്ന മാറ്റങ്ങളെയും സൗകര്യങ്ങളെ പറ്റിയുമൊക്കെ അബ്ദുല്ല ഹാജി വാചാലനായി. അതിനിടയിൽ സമപ്രയക്കാരൻ കൂടിയായ സലാം ആശ്ചര്യപൂർവം ചോദിച്ചു:

"ഉംറയും കഴിഞ്ഞു വന്ന്, പുതിയൊരു കാറ് കൂടി വാങ്ങിച്ചു അല്ലേ?"

"ആഹ്... അത് പിന്നെ പള്ളിപ്രസിഡന്റായ സ്ഥിതിക്ക് ഓരോ കാര്യങ്ങൾക്കായി യാത്രയൊക്കെ പോകേണ്ടി വരില്ലേ...? പിന്നെ, ദൂരെ യാത്രക്കൊന്നും ഇപ്പോഴുള്ള വണ്ടി സുഖം പോരാ..."

"ഇപ്പൊ എടുത്ത പുതിയ വണ്ടിക്ക് നല്ല പൈസ ഇല്ലേ?" സലാം സംശയം മറച്ചുവെച്ചില്ല.

"പൈസ ഒക്കെ ഉണ്ട്. ഇത് പിന്നെ മാസാമാസം കെട്ടിയാ മതി."

"അപ്പൊ ലോൺ ആണോ?"

"ങാ... ലോൺ തന്നെ! അതോണ്ട് എല്ലാം പെട്ടെന്ന് തന്നെ ഖൈർ ആയിക്കിട്ടി. അൽഹംദുലില്ലാഹ്."

"അത് പലിശ ഇടപാടല്ലേ അബ്ദുല്ലാ?" സലാം ചോദിച്ചു.

"പലിശ തന്നെ, അല്ലെങ്കിൽ ഗവണ്മെന്റിന് കണക്ക് കാണിക്കേണ്ടി വരില്ലേ."

"അപ്പൊ, പടച്ചോനിക്ക് കണക്ക് കാണിക്കണ്ടേ അബ്ദുല്ലാ...?"

"സലാമേ, നീയൊന്ന് ചിന്തിച്ചു നോക്ക്. എത്ര പൈസ ടാക്സ് അടക്കേണ്ടി വരുന്ന്. വല്യ ഉസ്താദിനോട് ചോദിച്ചപ്പോ ഇത്തരം സാഹചര്യങ്ങളിൽ ലോൺ ആവാമെന്നതിന് ഒരു ഫത്‌വയും പറഞ്ഞു തന്നിരുന്നു" പള്ളിമുറ്റത്തേക്ക് കയറുന്നതിനിടയിൽ അബ്ദുല്ലഹാജി പറഞ്ഞു.

റൊക്കം പൈസയും കൊടുത്ത് വാങ്ങിച്ച തന്റെ പഴയ സെക്കന്റ്ഹാന്റ് സ്കൂട്ടറിനെ പറ്റി ആലോചിക്കുകയായിരുന്നു അന്നേരം സലാം.

"സമയം കളയാണ്ട് പോയി സുന്നത്ത് നിസ്കരിക്ക് സലാമെ" പള്ളിക്കകത്തേക്ക് കയറുന്നതിനിടയിൽ സലാമിനോട് അബ്ദുല്ലഹാജി സ്വരം താഴ്ത്തിക്കൊണ്ട് പറഞ്ഞു.

സലാം ഒന്നും മൊഴിയാതെ അയാളെ നോക്കി പുഞ്ചിരിച്ചു. പറഞ്ഞിട്ട് കാര്യമില്ലെന്നറിയാം. ഉസ്താദിന്റെ ഫത്‌വയുണ്ടല്ലോ. പിന്നെ ഉംറയൊക്കെ ചെയ്ത് പാപം കഴുകിക്കളഞ്ഞ് വന്നതല്ലേ! വല്ലാത്തൊരു അവസ്ഥ തന്നെ! നിഷിദ്ധമാണെന്നറിഞ്ഞിട്ടും പലിശക്കെണിയിൽ വിശ്വാസികൾ ചെന്ന് ചാടുന്നു. ചിലർ മനഃപൂർവം. മറ്റു ചിലർ നിവൃത്തികേട് കൊണ്ടും.

ബോധവത്കരണത്തിന്റെ അഭാവം ഈ വിഷയത്തിൽ സമുദായത്തിൽ മുഴച്ചുകാണുന്നുണ്ട്. മഹല്ല് കമ്മിറ്റികളും ഖത്വീബുമാരും മനസ്സുവെച്ചാൽ കുറെയൊക്കെ പരിഹാരമുണ്ടാകും. എന്നാൽ ചങ്ങലക്കു തന്നെ ഭ്രാന്തുപിടിച്ചാൽ എന്തുചെയ്യാനാ!

ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി
വിവ: ശമീർ മദീനി

ലേഖനം

സ്വൂഫികളും വിശ്വാസവ്യതിയാനങ്ങളും 4




# മലക്കുകളിലും വേദഗ്രന്ഥങ്ങളിലുമുള്ള വിശ്വാസം

4

മലക്കുകളിൽ വിശ്വസിക്കലും നിർബന്ധമാണെന്ന് പ്രമാണങ്ങൾ വ്യക്തമാക്കുന്നു. അല്ലാഹു പറയുന്നു:

"തന്റെ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാണ് അവരുടെ നിലപാട്). അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം" (ക്വുർആൻ 2:285).

മലക്കുകൾ അല്ലാഹുവിന്റെ സൃഷ്ടികളാണ്. പ്രകാശത്താലാണ് അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ കൽപനകൾക്കെതിരിൽ അവർ പ്രവർത്തിക്കുകയില്ല. അല്ലാഹുവിന്റെ വിധികളെയും നിർദേശങ്ങളെയും ലംഘിച്ച് അവർ അവർ പുറത്തുകടക്കുകയില്ല. അവരുടെ സർവ കാര്യങ്ങളും സ്ഥിതിഗതികളും അല്ലാഹുവിനറിയാം. അവരിൽ ചിലരുടെ പേരുകൾ അല്ലാഹു നമുക്ക് അറിയിച്ചു തന്നിട്ടുണ്ട്. ഉദാഹരണത്തിന്, ജിബ്‌രീൽ. അവരിൽ ചിലരുടെ ജോലിയെക്കുറിച്ചും അല്ലാഹു പറഞ്ഞു തന്നിട്ടുണ്ട്. മരണത്തിന്റെ ചുമതലയേൽപിക്കപ്പെട്ട മലക്കും ഗർഭസ്ഥശിശുവിന്റെ ചുമതലയേൽപിക്കപ്പെട്ട മലക്കുമൊക്കെ അതിനുദാഹരണങ്ങളാണ്.

എന്നാൽ ചില സൂഫിയ്യാക്കൾ മലക്കുകളെ വിളിച്ചു പ്രാർഥിക്കുന്നു! മുമ്പ് വിശദമാക്കിയതു പോലെ ഇസ്‌ലാമിക വൃത്തത്തിൽ നിന്നു തന്നെ പുറത്താകുന്ന ഗുരുതരമായ പാപമാകുന്നു അത്.

അല്ലാഹു പറയുന്നു: "...അല്ലാഹുവോടൊപ്പം മറ്റാരെയും നിങ്ങൾ വിളിച്ചു പ്രാർഥിക്കരുത്" (ക്വുർആൻ 72:18).

"മലക്കുകളെയും പ്രവാചകന്മാരെയും നിങ്ങൾ രക്ഷിതാക്കളായി സ്വീകരിക്കണമെന്ന് അദ്ദേഹം നിങ്ങളോട് കൽപിക്കാവുന്നതുമല്ല. നിങ്ങൾ മുസ്‌ലിംകളായിക്കഴിഞ്ഞതിനു ശേഷം അവിശ്വാസം സ്വീകരിക്കാൻ അദ്ദേഹം നിങ്ങളോട് കൽപിക്കുമെന്നാണോ (നിങ്ങൾ കരുതുന്നത്?)" (ക്വുർആൻ 3:80).

അല്ലാഹു പറയുന്നു: "അവരെ മുഴുവൻ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു). എന്നിട്ട് അവൻ മലക്കുകളോട് ചോദിക്കും: നിങ്ങളെയാണോ ഈ കൂട്ടർ ആരാധിച്ചിരുന്നത്? അവർ പറയും: നീ എത്ര പരിശുദ്ധൻ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അവരല്ല. എന്നാൽ അവർ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത്. അവരിൽ അധികപേരും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരത്രെ" (ക്വുർആൻ 34:40-41).

ജിന്നുകളുടെ ചില പ്രവർത്തനങ്ങളെ മലക്കുകളുടെ പ്രവർത്തനങ്ങളായി ചിലപ്പോൾ മനുഷ്യർ ധരിച്ചേക്കുമെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. ഇതാണ് സൂഫിയ്യാക്കളിൽ കൂടുതലായി സംഭവിക്കുന്നതും. ജിന്നുകളിലാരെങ്കിലും ചെന്ന് വല്ല സംസാരങ്ങളും ഇത്തരക്കാരുടെ മനസ്സുകളിലോ കാതുകളിലോ ഇട്ടുകൊടുക്കുന്നു. അപ്പോൾ അത് മലക്കുകളിൽ നിന്നുള്ള സന്ദേശങ്ങളും 'കശ്ഫും' 'ഇൽഹാമു'മൊക്കെയായിരിക്കുമെന്ന് അയാൾ വിചാരിക്കുകയും ചെയ്യുന്നു. പരിശുദ്ധ ഇസ്‌ലാമിന്റെ നിയമസംഹിതകളും വിധിവിലക്കുകളുമടങ്ങുന്ന ശരീഅത്ത് ക്വുർആൻകൊണ്ടും സുന്നത്ത്കൊണ്ടും സമ്പൂർണമാണ്. അതുകൊണ്ട് തന്നെ എന്താണെന്ന് പോലും അറിയാത്ത ഇത്തരത്തിലുള്ള യാതൊന്നും നമുക്ക് ആവശ്യമേയില്ല. മാത്രമല്ല, ജിന്നുകളും പിശാചുക്കളും ചിലരുടെ മനസ്സുകളിലേക്ക് ദുർബോധനങ്ങൾ ഇട്ടുകൊടുക്കുമെന്നും അല്ലാഹു പറഞ്ഞിട്ടുണ്ട്.

"അപ്രകാരം ഓരോ പ്രവാചകനും മനുഷ്യരിലും ജിന്നുകളിലുംപെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കിയിട്ടുണ്ട്. കബളിപ്പിക്കുന്ന ഭംഗിവാക്കുകൾ അവർ അന്യോന്യം ദുർബോധനം ചെയ്യുന്നു. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. അതുകൊണ്ട് അവർ കെട്ടിച്ചമക്കുന്ന കാര്യങ്ങളുമായി അവരെ നീ വിട്ടേക്കുക" (ക്വുർആൻ 6:112).

അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്. തീർച്ചയായും അത് അധർമമാണ്. നിങ്ങളോട് തർക്കിക്കുവാൻ വേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങൾ

**മലക്കുകൾ അല്ലാഹുവിന്റെ സൃഷ്ടികളാണ്. പ്രകാശത്താലാണ് അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ കൽപനകൾക്കെതിരിൽ അവർ പ്രവർത്തിക്കുകയില്ല. അല്ലാഹുവിന്റെ വിധികളെയും നിർദേശങ്ങളെയും ലംഘിച്ച് അവർ അവർ പുറത്തുകടക്കുകയില്ല. അവരുടെ സർവ കാര്യങ്ങളും സ്ഥിതിഗതികളും അല്ലാഹുവിനറിയാം. അവരിൽ ചിലരുടെ പേരുകൾ അല്ലാഹു നമുക്ക് അറിയിച്ചു തന്നിട്ടുണ്ട്. ഉദാഹരണത്തിന്, ജിബ്‌രീൽ. അവരിൽ ചിലരുടെ ജോലിയെക്കുറിച്ചും അല്ലാഹു പറഞ്ഞു തന്നിട്ടുണ്ട്. മരണത്തിന്റെ ചുമതലയേൽപിക്കപ്പെട്ട മലക്കും ഗർഭസ്ഥശിശുവിന്റെ ചുമതലയേൽപിക്കപ്പെട്ട മലക്കുമൊക്കെ അതിനുദാഹരണങ്ങളാണ്.**

ക്ക് തീർച്ചയായും ദുർബോധനം നൽകിക്കൊണ്ടിരിക്കും. നിങ്ങൾ അവരെ അനുസരിക്കുന്നപക്ഷം തീർച്ചയായും നിങ്ങൾ (അല്ലാഹുവോട്) പങ്കുചേർക്കുന്നവരായിപ്പോകും" (ക്വുർആൻ 6:121).

ഇതാണ് 'റൂഹ് ഹാളിറാകൽ' (ആത്മാവ് ഹാജരാകൽ) എന്ന പേരിൽ സൂഫിയ്യാക്കൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ മരണപ്പെട്ടവരുടെ സ്വരത്തിൽ ജിന്ന് സംസാരിക്കുകയാണ്. അങ്ങനെ തങ്ങളുടെ ആഗ്രഹ സഫലീകരണത്തിനായി അവർ ജിന്നുകളോട് സഹായാർഥന നടത്തുന്നു. ഇത് പാടില്ലാത്തതാണ്. കാരണം, ഇത്തരം സാഹചര്യങ്ങളും സഹായാർഥനയും നബിﷺയുടെ കാലത്ത് നിലവിലുണ്ടായിന്നിട്ടും നബിﷺ അപ്രകാരം ചെയ്തിട്ടില്ല. അതിനാൽ അത് മതം അനുവദിക്കുന്നില്ല. മാത്രമല്ല, ജിന്നുകൾ എന്തെങ്കിലും നേട്ടങ്ങൾ അവർക്ക് തിരിച്ചു കിട്ടിയിട്ടല്ലാതെ എന്തെങ്കിലും ചെയ്തു തരികയുമില്ല.(1)

അല്ലാഹു പറയുന്നു: "അവരെയെല്ലാം അവൻ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം. (ജിന്നുകളോട് അവൻ പറയും:) ജിന്നുകളുടെ സമൂഹമേ, മനുഷ്യരിൽ നിന്ന് ധാരാളം പേരെ നിങ്ങൾ പിഴപ്പിച്ചിട്ടുണ്ട്. മനുഷ്യരിൽ നിന്നുള്ള അവരുടെ ഉറ്റമിത്രങ്ങൾ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ ചിലർ മറ്റു ചിലരെക്കൊണ്ട് സുഖമനുഭവിക്കുകയുണ്ടായി. നീ ഞങ്ങൾക്ക് നിശ്ചയിച്ച അവധിയിൽ ഞങ്ങളിതാ എത്തിയിരിക്കുന്നു. അവൻ പറയും: നരകമാണ് നിങ്ങളുടെ പാർപ്പിടം. അല്ലാഹു ഉദ്ദേശിച്ച സമയം ഒഴികെ നിങ്ങളതിൽ നിത്യവാസികളായിരിക്കും. തീർച്ചയായും നിന്റെ രക്ഷിതാവ് യുക്തിമാനും സർവജ്ഞനുമാകുന്നു" (ക്വുർആൻ 6:128).

## വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം

അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കലും നിർബന്ധമാണെന്ന് നിരവധിപ്രാമാണിക വചനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും അവൻ മുമ്പ് അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്നപക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു" (ക്വുർആൻ 4:136).

അല്ലാഹു പറയുന്നു: "നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏതു ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു" (ക്വുർആൻ 42:15).

അവ അല്ലാഹുവിങ്കൽ നിന്ന് അവതരിച്ചതാണെന്നും യാഥാർഥ്യമായി തന്നെ അല്ലാഹു സംസാരിച്ച വചനങ്ങളാണ് അവയെന്നും നാം വിശ്വസിക്കുന്നു.

വേദഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട സൂഫീ ചിന്താഗതികളിലൊന്നാണ് വിശുദ്ധ ക്വുർആനിന് ബാഹ്യവും(ദാഹിർ) ആന്തരികവും(ബാത്വിൻ) എന്നിങ്ങനെ രണ്ട് വശങ്ങളുണ്ട് എന്ന വാദം. ബാഹ്യജ്ഞാനമാണത്രെ മതനിയമങ്ങളെ സംബന്ധിച്ചുള്ള (ശരീഅത്ത്) അറിവ്. എന്നാൽ ഉൽകൃഷ്ട ജ്ഞാനമാകട്ടെ, അത് ആന്തരിക ജ്ഞാനമാണ്. പ്രത്യേക ഔലിയാക്കൾക്കല്ലാതെ അറിയാൻ കഴിയാത്ത യഥാർഥ ജ്ഞാനം (ഇൽമുൽ ഹക്വീക്വത്ത്) അതാണെന്നാണ് അവർ പറയുന്നത്. എന്നിട്ട് ക്വുർആനിന്റെ ബാഹ്യാർഥത്തിന് നിരക്കാത്ത പല വ്യാഖ്യാനങ്ങളിലേക്കും അതിലൂടെ അവർ എത്തിച്ചേരുന്നു. അറബി ഭാഷയനുസരിച്ചുള്ള ആശയങ്ങൾക്കും താൽപര്യങ്ങൾക്കും വിരുദ്ധമായ വിവരണങ്ങൾ ക്വുർആൻ സൂക്തങ്ങൾക്ക് അവർ നൽകുകയും ചെയ്യുന്നു. പക്ഷേ, ക്വുർആൻ അറബി ഭാഷയിലാണ് അവതരിച്ചതെന്ന് ക്വുർആനിക സൂക്തങ്ങൾ തന്നെ തുടരെ തുടരെ വ്യക്തമാക്കിയതാണ്. അപ്പോൾ തീർച്ചയായും ക്വുർആൻ ഗ്രഹിക്കേണ്ടത് ഈ ഭാഷയനുസരിച്ച് തന്നെയായിരിക്കണം.

അല്ലാഹു പറയുന്നു: "നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി അത് അറബി ഭാഷയിൽ വായിക്കപ്പെടുന്ന ഒരു പ്രമാണമായി നാം അവതരിപ്പിച്ചിരിക്കുന്നു" (ക്വുർആൻ 12:2).

"തീർച്ചയായും നാം ഇതിനെ അറബി ഭാഷയിലുള്ള ഒരു ക്വുർആനാക്കിയിരിക്കുന്നത് നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടിയാകുന്നു" (ക്വുർആൻ 43:3).

"ഇതാകട്ടെ, സ്പഷ്ടമായ അറബി ഭാഷയാകുന്നു" (ക്വുർആൻ 16:103).

"വചനങ്ങൾ വിശദീകരിക്കപ്പെട്ട ഒരു വേദഗ്രന്ഥം. മനസ്സിലാക്കുന്ന ആളുകൾക്കുവേണ്ടി അറബി ഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന (ഒരു ഗ്രന്ഥം)" (ക്വുർആൻ 41:3).

ക്വുർആനിന്റെ ശരിയായ ആശയ

ത്തെ മാറ്റിമറിക്കുന്ന ഒന്നാണ് 'ദൗക്' (അഭിരുചി), 'കശ്ഫ്' (വെളിപ്പെടുത്തൽ) എന്നീ പേരുകളിലുള്ള സ്വൂഫീ ചിന്താഗതികൾ.[2] അതുകൊണ്ടു തന്നെ വിജ്ഞാനം അന്വേഷിക്കുന്നതിലും മതത്തിൽ അറിവു നേടുന്നതിലുമൊക്കെ അവർ തൽപരരല്ല. ക്വുർആനിനെക്കാളും നബിﷺയിൽ നിന്നും സ്ഥിരപ്പെട്ടുവന്ന ദിക്ർ-ദുആകളെക്കാളുമൊക്കെ ഉൽകൃഷ്ടമാണ് തങ്ങൾ പടച്ചുണ്ടാക്കിയ നൂതനദിക്റുകൾ എന്ന് പറയുന്നതുവരെയെത്തി അവരിൽ ചിലരുടെ സ്ഥിതി! എത്രത്തോളമെന്നാൽ സ്വൂഫിയ്യാക്കളിൽ ചിലർ പറയുന്നു 'ക്വുർആൻ പാരായണത്തെക്കാൾ ഉത്തമമാണ് ശാദുലി വിർദുകൾ എന്ന്. മറ്റുചിലർ പറയുന്നു 'ക്വുർആൻ മുഴുവനും ആറായിരം തവണ പാരായണം ചെയ്യുന്നതിന് തുല്യമാണ് സ്വലാത്തുൽ ഫാതിഹ്' (അഥവാ സ്വൂഫിയ്യാക്കളുണ്ടാക്കിയ ഒരു ബിദ്ഈ സ്വലാത്ത്) എന്ന്. അങ്ങനെ അവർ ജനങ്ങളെ ക്വുർആനിനെ കയ്യൊഴിക്കുന്ന തരത്തിലാക്കിത്തീർത്തു.[3]

അല്ലാഹു പറയുന്നു: "(അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ക്വുർആനെ അഗണ്യമാക്കിക്കളഞ്ഞിരിക്കുന്നു" (ക്വുർആൻ 25:30).

"(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യനും ജിന്നുകളും ഒന്നിച്ചു ചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (ക്വുർആൻ 17:88).

ഒരു ക്വുദ്സിയായ ഹദീഥിലൂടെ അല്ലാഹു പറഞ്ഞതായി നബിﷺ അറിയിക്കുന്നു: "എന്നോട് ചോദിക്കുന്നതിൽ നിന്നും ആരെയെങ്കിലും ക്വുർആനും എന്റെ ദിക്റുകളും വ്യാപൃതനാക്കിയാൽ, എന്നോട് ചോദിച്ചവർക്ക് നൽകിയതിൽ ഏറ്റവും ഉത്തമമായത് ഞാനവന് നൽകുന്നതാണ്. മറ്റു വചനങ്ങളുടെ മേൽ അല്ലാഹുവിന്റെ വചനത്തിനുള്ള ശ്രേഷ്ഠത സൃഷ്ടികളുടെമേൽ അല്ലാഹുവിനുള്ള ശ്രേഷ്ഠത പോലെയാണ്" (തിർമിദി ഉദ്ധരിക്കുകയും ഹസനാണെന്ന് വിധിക്കുകയും ചെയ്തത്).



അപ്രകാരം തന്നെ അവർ മറ്റു പലതിനും ക്വുർആനെക്കാൾ സ്ഥാനം നൽകുന്നവരാണ്. സ്വഹീഹായ ഹദീഥിലൂടെ നബിﷺ പഠിപ്പിച്ച ഈ വചനവും അവരും എവിടെ നിൽക്കുന്നു എന്ന് ആലോചിക്കുക.

നബിﷺ പറയുന്നു: "നിങ്ങളിൽ ഏറ്റവും ഉത്തമന്മാർ ക്വുർആൻ പഠിക്കുകയും അത് മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവരാണ്" (ബുഖാരി).

**റഫറൻസ്:**

1. ജിന്ന്സേവ, ചാത്തൻസേവ എന്നീ പേരുകളിൽ നമ്മുടെ നാടുകളിൽ നടക്കുന്നതൊക്കെയും ഇത്തരത്തിലുള്ള പൈശാചിക കർമങ്ങളും ബഹുദൈവാരാധനകളുമാണ്. അല്ലാഹുവിന്റെ കോപവും പിശാചിന്റെ പ്രീതിയുമാണ് അവയിലൂടെ സമ്പാദിക്കുന്നത് എന്ന വസ്തുത അധികമാരും അറിയുന്നില്ല. മനുഷ്യപിശാചുക്കളും ജിന്നുപിശാചുക്കളും തമ്മിലുള്ള ഇത്തരം അവിഹിത ബന്ധത്തിലൂടെ ധാരാളം ആളുകൾ വഴി തെറ്റിക്കപ്പെടുന്നു എന്നതാണ് യാഥാർഥ്യം.

2. വെളിപാടിലൂടെ സ്വൂഫീ ശൈഖുമാർക്ക് പല സന്ദേശങ്ങളും അറിവുകളും കിട്ടിക്കൊണ്ടിരിക്കുന്നുവെന്നും അവയാണ് സുപ്രധാന ജ്ഞാനങ്ങൾ എന്നുമാണ് അവരുടെ വിശ്വാസം. അത്തരത്തിലുള്ള അറിവുകൾക്ക് അവർ നൽകിയിരിക്കുന്ന സാങ്കേതിക നാമങ്ങളാണ് 'കശ്ഫ്,' 'ദൗക്' പോലുള്ളവ.

3. മുഹ്യുദ്ദീൻ മാല തെറ്റൊന്നും കൂടാതെ പാരായണം ചെയ്താൽ മഹത്തായ പ്രതിഫലമുണ്ടെന്ന് മാലകളിലൂടെയും മറ്റും നമ്മുടെ നാട്ടിലെ സ്വൂഫിയ്യാക്കൾ പ്രചരിപ്പിക്കുന്നതും ഇതിനോട് ചേർത്തു വായിക്കുക. (വിവർത്തകൻ)

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 14



# ദുർവ്യാഖ്യാനങ്ങളിലും കെട്ടുകഥകളിലും അഭയം കണ്ടെത്തുന്നവർ

മതവിഷയങ്ങളിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങളെ ദൂരീകരിക്കാൻ ഇസ്‌ലാം നിർദേശിച്ച എളുപ്പവും വ്യക്തവുമായ വഴിയാണ് പ്രമാണങ്ങളിലേക്ക് മടങ്ങുക എന്നത്. പണ്ഡിതോദ്ധരണികളുടെ ശരിയും തെറ്റും നോക്കാതെ അവയെ അന്ധമായി പിൻപറ്റുന്നതും പ്രചരിപ്പിക്കുന്നതും ആശയ ഭിന്നതകൾക്ക് മൂർച്ചകൂട്ടാൻ മാത്രമെ വഴിയൊരുക്കുകയുള്ളൂ.

പ്രമാണങ്ങളോട് അനീതി കാണിച്ചുകൊണ്ടല്ലാതെ പുത്തൻ വിശ്വാസാചാരങ്ങളുമായി രംഗത്തു വരാൻ ആർക്കും സാധ്യമല്ല. പ്രാർഥനയാകുന്ന സഹായതേട്ടം അല്ലാഹുവല്ലാത്തവരോടും ആകാമെന്ന് ജനങ്ങളോട് പറഞ്ഞ് അവരെ ശിർക്കിലേക്ക് നയിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പുരോഹിതന്മാർ പ്രവാചകാനുചരൻമാരുടെ ജീവിതത്തിലുണ്ടായ ചില സംഭവങ്ങളെ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തും അവർ ചെയ്യാത്തത് അവരുടെ മേൽ കെട്ടിവെച്ചും അവരും ഈ ഈ വഴികേടിന് കൂട്ടുനിൽക്കുന്നവരായിരുന്നു എന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്ന ഹീനപ്രവർത്തനം ചെയ്യാൻ തുടങ്ങിയിട്ട് കാലമേറെയായി. അത് ഇന്നും ഇവർ തുടർന്നുകൊണ്ടിരിക്കുകയാണ്. ശിർക്കാകുന്ന സഹായ തേട്ടത്തെ തൗഹീദാക്കാൻ ഒരു മുസ്‌ലിയാർ എഴുന്നള്ളിക്കുന്ന തെളിവുകൾ ഒന്ന് പരിശോധിക്കാം.

"ഖൈബറിലേക്ക് പ്രവാചകർക്കൊപ്പം പുറപ്പെട്ട സമയത്ത് അവിടുത്തെ പറ്റി സ്വഹാബിവര്യനായ ആമിറുബ്നുൽ അക്‌വഅ്ؓ പാടുന്ന ഇസ്തിഗാസയുടെ വരികൾ ബുഖാരിയിലെ 4196 ഹദീസ് നമ്പറായി കൊടുത്തിട്ടുണ്ട്. അതിലിപ്രകാരം കാണാം: നബിയേ, ഞങ്ങളുടെ ശരീരം അങ്ങേക്ക് ദണ്ഡമാണ്. ഞങ്ങൾ ശേഷിപ്പിച്ച പാപങ്ങളെല്ലാം അങ്ങ് മാപ്പാക്കുക. ഞങ്ങളുടെമേൽ സമാധാനവും അടക്കവും ചൊരിഞ്ഞ് തന്നാലും. ഞങ്ങൾ ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ ഞങ്ങളുടെ കാൽപാദം അങ്ങുറപ്പിക്കണം. പാപം പൊറുക്കൽ വരെ നബിﷺയിൽ നിന്ന് തേടുകയാണ് മഹാൻ" (സുന്നിവോയ്സ്, 2020 ജനുവരി1-15, പേജ്15).

ഏറെ പ്രസിദ്ധമായ ഒരു ചരിത്രമാണിത്. മുസ്‌ലിയാർ ഉദ്ധരിച്ച റിപ്പോർട്ടിന്റെ തുടക്കത്തിൽ തന്നെ 'അല്ലാഹുവേ, നീയില്ലായിരുന്നെങ്കിൽ' എന്നാണുള്ളത്. പ്രാർഥന നിറഞ്ഞ് നിൽക്കുന്ന ആമിറിؓന്റെ വാക്കുകളെ വിദഗ്ധമായി വെട്ടിമാറ്റിയാണ് നബിﷺയോടുള്ള സഹായതേട്ടമാക്കി മുസ്‌ലിയാർ മാറ്റിയിരിക്കുന്നത്. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും യുദ്ധങ്ങളെ സംബന്ധിച്ച് പറയുന്ന അധ്യായത്തിലുദ്ധരിച്ച ഈ ഹദീഥിൽനിന്നോ ഇതിന്റെ വിശദീകരണത്തിൽനിന്നോ അവരാരും ഇപ്രകാരമൊരാശയത്തെ പഠിപ്പിച്ചിട്ടില്ലെന്നിരിക്കെ ഇവരുടെ തെറ്റായ വിശ്വാസത്തിന് ഇത് തെളിവല്ല.

ലേഖകൻ തുടരുന്നു: "അലിയ്യിബ്നു അബീത്വാലിബ്ؓവിനെതൊട്ട് ഇബ്നു അബ്ബാസ്ؓ പറ

ഞ്ഞു: ഒരു മലഞ്ചെരുവിലകപ്പെടുകയും അവിടെ നീ വന്യമൃഗങ്ങളെ പേടിക്കുകയും ചെയ്താൽ ദാനിയാൽ നബിയോടും യൂസുഫ് നബിﷺയോടും സിംഹത്തിന്റെ ഉപദ്രവത്തിൽ നിന്ന് കാവൽ ചോദിക്കുന്നു എന്ന് പറയുക"(പേജ് 15).

ഈ സംഭവത്തിന്റെ പരമ്പരയിലെ അബ്ദുൽ അസീസ്ബ്നു ഇംറാനും ഇബ്റാഹീമുബ്നു ഇസ്മാഈലും ദുർബലരും തള്ളപ്പെടേണ്ടവരുമാണെന്ന് ഇമാം ബുഖാരി(റഹി), ഇമാം നസാഈ(റഹി), ഇമാം ദാറക്വുത്നി(റഹി) എന്നീ പണ്ഡിതന്മാർ പറഞ്ഞത് ഇബ്നുഹജർ അസ്ക്വലാനി(റഹി) തന്റെ തഹ്ദീബിൽ വ്യക്തമാക്കിയിട്ടുണ്ട്. ദാനിയാലിന്റെ റബ്ബിനെകൊണ്ട് ഞാൻ കാവൽ തേടുന്നു എന്നാണ് ദുർബല വാക്കായ ഇതിന്റെ ആരംഭത്തിലുമുള്ളത്. അതും മുസ്‌ലിയാർ പൂഴ്ത്തിവെച്ചത് എന്തിനായിരിക്കുമെന്ന് മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട.

ലേഖകൻ എഴുതുന്നു: "നബിﷺയെ മറമാടിയതിന് ശേഷം അറബി ഭാഷയിലും ക്വുർആനിലും പരിജ്ഞാനമുണ്ടായിരുന്ന ഒരു അഅ്റാബി ക്വബറിങ്കൽ വന്ന് പാപമോചനത്തിന് വേണ്ടി ഇസ്തിഗാസ നടത്തിയ സംഭവം അലി് പഠിപ്പിക്കുന്നത് ഇബ്നുസ്സംആനി്ൽ നിന്ന് പൂർണമായ സനദോടെ ഇമാം സുയൂത്വി് ജാമിഉൽ അഹാദീസിൽ 34153 നമ്പറായും ഇമാം ക്വുർത്വുബി, ഇമാം അബൂഹയ്യാൻ് പോലുള്ള മുഫസ്സിറുകൾ സുറത്തുന്നിസാഅ് 64ന്റെ വ്യാഖ്യാനത്തിലും ഉദ്ധരിക്കുന്നു" (പേജ് 15).

പരിഗണിക്കപ്പെടേണ്ടതില്ലാത്ത വിധം ബാലിശവും കളവും മാത്രമായിട്ടുള്ള ഈ സംഭവമാണ് പുരോഹിതന്മാർ വലിയ തെളിവായി കൊണ്ടുനടക്കുന്നത്. മുസ്‌ലിയാർ പൂർണ സനദോടെ എന്ന് പറഞ്ഞ റിപ്പോർട്ടിൽ തന്നെ അഹ്മദ് ബ്നു മുഹമ്മദ്ബ്നുൽഹൈസം, അബൂസ്വാദിക്വ് എന്നിവർ അജ്ഞരും തള്ളപ്പെടേരുമാണ്. ഒരു കെട്ടുകഥ എന്നതിലപ്പുറം അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ ആരും ഇതിനൊരു പ്രത്യേകതയും കണ്ടിട്ടില്ല. ഇസ്തിഗാസവാദവുമായി ആദ്യം രംഗപ്രവേശനം ചെയ്ത സമസ്തയുടെ താത്വികാചാര്യൻ സുബ്കിയുടെ നിരർഥക വാദങ്ങൾക്ക് മറുപടിയായി മുഹമ്മദ്ബ്നു അഹ്മദ്ബ്നു അബ്ദിൽ ഹാദി(റഹി) എഴുതിയ 'അസ്സ്വാരിമുൽ മുൻകി ഫീ റദ്ദി അലസ്സുബ്കി' എന്ന ഗ്രന്ഥത്തിലും ശക്തനായ സ്വൂഫീ പ്രചാരകനും സമസ്തയുടെ ഗുരുവര്യനുമായ സൈനീ ദഹ്‌ലാൻ നിരത്തിയ വികല വാദങ്ങൾക്ക് മറുപടിയായി മുഹമ്മദ് ബഷീർ അസ്സഹ്സവാനി എഴുതിയ 'സ്വിയാനത്തുൽ ഇൻസാൻ അൽ വസ്‌വസത്തി ശൈഖ് ദഹ്‌ലാൻ' എന്ന ഗ്രന്ഥത്തിലും ഈ കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

മുസ്‌ലിയാർ തുടരുന്നു: "ഹിജ്റ 17ൽ മഴയില്ലാതെ നാശം വിതക്കുന്ന അവസ്ഥ വന്നപ്പോൾ റസൂൽﷺയുടെ ക്വബറിങ്കൽ വന്ന് സ്വഹാബിവര്യനായ ബിലാലുബ്നുൽ ഹാരിസുൽ മുസ്നി് മഴക്ക് വേണ്ടി ഇസ്തിഗാസ നടത്തിയത് പ്രസിദ്ധമാണ്. ഇതറിഞ്ഞ അമീറുൽ മുഅ്മിനീൻ ഉമർ് അതംഗീകരിക്കുകയുണ്ടായി" (പേജ് 15).

ദുർവ്യാഖ്യാനിക്കപ്പെടുന്ന സംഭവങ്ങളിൽ പ്രസിദ്ധമാണിത്. ഉമർ്വിന്റെ കാലത്ത് വരൾച്ച ബാധിച്ചപ്പോൾ അബ്ബാസ്്വിനോട് മഴക്ക് വേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെട്ട ഈ സംഭവം ഇമാം ബുഖാരി് ഉദ്ധരിച്ച പ്രബലമായ ഹദീഥാണ്. ബിലാലുബ്നു ഹാരിസി്ന്റെ പേരിൽ മുസ്‌ലിയാർ പറഞ്ഞതിന്റെ പരമ്പരയിൽ മാലികുദ്ദാർ എന്ന വ്യക്തി അദാലത്ത്(നീതി), ദ്വബ്ത്ത്(ക്ലിപ്തത) എന്നിവ കൊണ്ട് അറിയപ്പെടാത്ത വ്യക്തിയും അജ്ഞനുമാകയാൽ ഹദീഥ് വിജ്ഞാനശാസ്ത്ര പണ്ഡിതന്മാർ അദ്ദേഹം വളരെ ദുർബലമാണെന്ന് തെളിയിച്ചിട്ടുണ്ട്. ഈ പിടിവള്ളിയിലും പുരോഹിതന്മാർക്ക് പിടിച്ചുതൂങ്ങാൻ വകുപ്പില്ല എന്ന് ചുരുക്കം.

ലേഖകൻ വീണ്ടും എഴുതുന്നു: "അനസ്് ആഖിറത്തിൽ നബിﷺയിൽ നിന്ന് ശിപാർശ കിട്ടാൻ മുൻകൂട്ടിയുള്ള ഇസ്തിഗാസ നടത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: അന്ത്യദിനത്തിൽ എനിക്കു വേണ്ടി ശിപാർശ പറയാൻ നബിﷺയോട് ഞാനാവശ്യപ്പെട്ടപ്പോൾ അങ്ങനെ ചെയ്യാമെന്ന് അവിടുന്ന് എനിക്ക് വാക്ക് തന്നു. ശരിക്കും അഭൗതിക കാര്യമാണ് അനസ്് ആവശ്യപ്പെട്ടത്. വഹാബി നിർവചന പ്രകാരം ശിർക്കാകേണ്ടതും" (പേജ് 15).

ഇതിൽ അഭൗതികതയോ നബിﷺയോട് പ്രാർഥനയാകുന്ന സഹായ തേട്ടമോ ഇല്ല. ഇമാം തിർമിദി(റഹി), ഇമാം അഹ്മദ്(റഹി) എന്നിവർ ഉദ്ധരിച്ച സ്വഹീഹായ ഹദീഥാണിത്. തന്റെ ശിർക്കൻ ആശയത്തിന് തെളിവ് കിട്ടാൻ മുസ്‌ലിയാർ ഇതിനെ വെട്ടിച്ചുരുക്കിയെന്ന് മാത്രം. പരലോകത്ത് എനിക്ക് വേണ്ടി ശുപാർശ നടത്തുമോ എന്ന് തന്റെ അടുത്തുള്ള നബിﷺയോട് സ്വഹാബി ചോദിച്ചതിന് പരലോകത്ത് ശഫാഅത്തിന് അനുമതി നൽകപ്പെടുന്ന പ്രവാചകൻ ഞാൻ നൽകാം എന്നല്ല ഉത്തരം കൊടുത്തത്. മറിച്ച് 'അല്ലാഹു ഉദ്ദേശിച്ചാൽ' ഞാൻ അപ്രകാരം ചെയ്യാം എന്നാണ് അവിടുന്ന് മറുപടി നൽകിയത്. ഈ ഭാഗം പൂഴ്ത്തിവെച്ച് ശരിയല്ലാത്ത വാദത്തിന് കൂട്ടുനിന്ന് അഹ്‌ലുസ്സുന്നയുടെ വിശ്വാസത്തെ ശിർക്കിൽ പൊതിഞ്ഞ് അവതരിപ്പിക്കാനാണ് ലേഖകൻ ശ്രമിക്കുന്നത്. ഇസ്തിഗാസ നടത്തേണ്ടത് അല്ലാഹുവിനെ കൊണ്ടാണ് എന്ന് പഠിപ്പിക്കുന്ന ഹദീഥ് പോലും റിപ്പോർട്ട് ചെയ്യപ്പെട്ടത് അനസ്്വിൽ നിന്നായിരിക്കെ അതിന് വിരുദ്ധമായ പ്രവൃത്തി അദ്ദേഹത്തിൽ നിന്നുണ്ടാവില്ല എന്നത് വ്യക്തമാണല്ലോ.

അനസ്ﷺവിൽ നിന്ന് നിവേദനം: "രാവിലെയും വൈകുന്നേരവും ഈ ദിക്റ് ചൊല്ലാൻ നബിﷺ ഫാത്തിമﷺയോട് ഉപദേശിച്ചു: 'എന്നെന്നും ജീവിച്ചിരിക്കുന്നവനേ, എല്ലാം നിയന്ത്രിക്കുന്നവനേ, നിന്റെ കാരുണ്യം മുഖേന ഞാൻ(നിന്നോട്) സഹായം തേടുന്നു. എന്റെ കാര്യങ്ങൾ മുഴുവനും എനിക്ക് നീ ഗുണകരമാക്കിത്തരേണമേ. കണ്ണിമ വെട്ടുന്നത്ര സമയം പോലും എന്നെ നീ എന്നിലേക്ക് ഏൽപിക്കരുതേ"(നസാഈ).

ലേഖകൻ തുടരുന്നു: "നബിﷺ വഫാത്തായ സമയത്ത് ആഇശﷺയുടെ വീട്ടിൽ വന്ന സ്വിദ്ദീഖ്ﷺ വസ്ത്രംകൊണ്ട് മൂടപ്പെട്ട പ്രവാചകരെ സമീപിച്ചു. തിരുമുഖത്ത് നിന്ന് വസ്ത്രം നീക്കി നബിﷺയെ ചുംബിച്ചു. കരഞ്ഞുകൊണ്ട് അദ്ദേഹം പ്രവാചകരെ വിളിച്ചു. അല്ലാഹുവിന്റെ ദൂതരേ, അങ്ങേക്ക് വേണ്ടി എന്റെ പിതാവിനെ സമർപ്പിക്കാൻ ഞാനൊരുക്കമാണ്. അങ്ങേക്ക് രണ്ട് മരണത്തെ അല്ലാഹു സംഘടിപ്പിക്കുകയില്ല. നാഥൻ നിർബന്ധമാക്കിയ മരണം അങ്ങേക്ക് സംഭവിച്ചിരിക്കുന്നു" (പേജ് 15,16).

മുസ്‌ലിയാർ സമർഥിക്കാൻ നോക്കുന്ന വിഷയവുമായി എന്ത് ബന്ധമാണിതിനുള്ളത്? ഇത്തരം സംസാര ശൈലികൾ ഏത് ഭാഷയിലും ഉള്ളതാണ്. നബിﷺയുടെ മരണവാർത്ത വിശ്വസിക്കാൻ കഴിയാതെ ഇളകി മറിഞ്ഞ് നിൽക്കുന്ന ഉമർﷺ അടക്കമുള്ള സ്വഹാബത്തിനെ അത് ബോധ്യപ്പെടുത്താൻ വേണ്ടിയാണ് അബൂബക്കർﷺ ഇപ്രകാരം സംസാരിച്ചത്. അല്ലാതെ വഫാത്തായ നബിﷺ കേൾക്കും, അറിയും എന്ന് വിശ്വാസിച്ചിട്ടല്ല. ഇവിടെ അബൂബക്കർﷺ 'അല്ലാഹുവിന്റെ ദൂതരേ' എന്ന് വിളിച്ചു എന്നത് കളവാണ്. അങ്ങനെ ഹദീഥിൽ ഇല്ല. ഇത്തരം സംസാരങ്ങൾ അഭൗതിക മാർഗത്തിലൂടെയുള്ള സഹായ തേട്ടമാണെങ്കിൽ തന്റെ മകൻ ഇബ്‌റാഹീം മരണപ്പെട്ട സന്ദർഭത്തിൽ 'ഏ ഇബ്‌റാഹീം, നിന്റെ വിയോഗം ഞങ്ങളെ സങ്കടപ്പെടുത്തുന്നു' (ബുഖാരി) എന്ന് പറഞ്ഞതിന്റെ വിധി എന്താകും? മാസപ്പിറവി കാണുമ്പോൾ 'എന്റെ റബ്ബും നിന്റെ റബ്ബും അല്ലാഹുവാണ്' എന്ന് പ്രാർഥിക്കാൻ പറഞ്ഞതിന്റെ (തിർമുദി) അവസ്ഥ എന്താകും?

"വഫാത്തിന്റെ നേരത്ത് സ്വിദ്ദീഖ്ﷺ അലിയ്യുബ്നു അബീത്വാലിബ്ﷺവിനെ വിളിച്ച് നൽകുന്ന വസ്വിയ്യത്ത് ഇപ്രകാരമാണ്. നബിﷺയെ കുളിപ്പിച്ച ഈ കൈകൊണ്ട് എന്റെ ജനാസയെ കുളിപ്പിക്കണം. എന്നെ കഫൻ ചെയ്തതിന് ശേഷം എന്റെ ജനാസ അവിടുത്തെ ഖബർ ശരീഫിന്റെ വാതിൽക്കൽ വച്ച് നബിﷺയുടെ അരികിൽ മറവ് ചെയ്യാൻ വേണ്ടി അവിടത്തോട് സമ്മതം ചോദിക്കണം. അദ്ദേഹത്തിന്റെ വഫാത്തിനു ശേഷം സ്വഹാബാക്കൾ അങ്ങനെ ചെയ്തപ്പോൾ തിരുനബിﷺ അനുവാദം കൊടുക്കുകയും അവിടെത്തന്നെ മറമാടുകയും ചെയ്തു" (പേജ് 16).

ഇങ്ങനെയൊരു സംഭവം സ്ഥിരപ്പെട്ടുവന്നതായി എവിടെയുമില്ല. ഇതിന്റെ സനദിലെ അബൂത്വാഹിർ മൂസബ്നു മുഹമ്മദ്ബ്നു അത്വാഅ്, അബ്ദുൾ ജലീൽ അൽമുസ്നി എന്നിവർ മജ്ഹൂൽ(അജ്ഞൻ) ആണെന്ന് ഇബ്നുഹജർ അസ്ക്വലാനി(റഹി) തന്റെ ലിസാനുൽ മീസാനിൽ പറഞ്ഞിട്ടുണ്ട്. ഇത് കാരണത്താൽ തന്റെ താരീഖിൽ ഇതിനെ ഉദ്ധരിച്ച ഇബ്നുഅസാകിർ തന്നെയും പറഞ്ഞത് ഇത് ഒഴിവാക്കപ്പെടേണ്ടതാണെന്നാണ്. തെളിവിനു കൊള്ളാത്ത ഇത്തരം റിപ്പോർട്ടുകളല്ലാതെ ഇക്കൂട്ടർക്ക് കൂട്ടിന് മറ്റൊന്നുമില്ല.

"മറവി രോഗത്തിന് എന്നെന്നേക്കുമുള്ള പരിഹാരം തരാൻ നബിﷺയോട് ഇസ്തിഗാസ നടത്തിയ സ്വഹാബി പ്രമുഖനാണ് അബൂഹുറയ്റﷺ. ഉടൻതന്നെ മറഞ്ഞവഴിയിൽ കൂടിയുള്ള പരിഹാരവും അദ്ദേഹത്തിന് നബിﷺയിൽ നിന്ന് ലഭിച്ചു" (പേജ് 16).

ഇമാം ബുഖാരിﷺ കിതാബുൽ ഇൽമിൽ കൊടുത്ത ഹദീഥാണിത്. നബിﷺയുടെ മുഅ്ജിസത്തായി എണ്ണപ്പെട്ട ഈ സംഭവത്തിൽ മുസ്‌ലിയാർ ആഗ്രഹിക്കും പ്രകാരമുള്ളത് കാണുവാൻ കഴിയില്ല. അമാനുഷിക കാര്യങ്ങൾ അല്ലാഹുവിന്റെ തീരുമാനപ്രകാരമാണല്ലോ നടക്കുക. പിന്നെ എന്തിനാണ് മറഞ്ഞ വഴിയിലൂടെ ചോദിച്ചു എന്ന് വരുത്തിത്തീർക്കുന്നത്? അബൂഹുറയ്റﷺ സാധാരണ രീതിയിൽ പറഞ്ഞ പരാതിയെ തെറ്റായി പ്രചരിപ്പിക്കുന്നത് തികച്ചും അക്രമമാണ്.

മറ്റൊരു ദുർവ്യാഖ്യാനം കൂടി കാണുക: "അബൂഹുറൈറﷺ മുസ്നദിൽ നിവേദനം ചെയ്ത ഹദീസാണ് ഒന്ന്. തുരുനബിﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: അബുൽഖാസിംﷺയുടെ ആത്മാവ് ആരുടെ അധീനതയിലാണോ അവൻ തന്നെ സത്യം. പിന്നെ എന്റെ ഖബറിടത്തിൽ വന്ന് നിന്ന് യാ മുഹമ്മദ് എന്ന് വിളിച്ചാൽ അദ്ദേഹത്തിനു (ഈസാനബിക്ക്) ഞാൻ ഉത്തരം നൽകും" (പേജ് 16).

ഇങ്ങനെയുള്ള പ്രയോഗം ഉള്ളതും ഇല്ലാത്തതുമായ റിപ്പോർട്ടുകൾ ഈ വിഷയത്തിലുണ്ട്. ഇല്ലാത്തതിനാണ് കൂടുതൽ മുൻഗണന. ഈസാനബിﷺയ്ക്ക് മാത്രം പ്രത്യേകമായ ഒന്നെങ്ങനെയാണ് പൊതുവായി വ്യാഖ്യാനിക്കപ്പെടുക? അങ്ങനെയെങ്കിൽ ഹദീഥിൽ പറയപ്പെട്ട കുരിശ് തകർക്കും, പന്നിയെ കൊല്ലും തുടങ്ങിയ കാര്യങ്ങളും അങ്ങനെയാകേണ്ടേ? ഇത് പറഞ്ഞ നബിﷺയോ കേട്ട സ്വഹാബത്തോ ആ നിലയ്ക്കുള്ള വിശ്വാസം ഉള്ളവരായിരുന്നോ? ഈ ഹദീഥ് ഉദ്ധരിച്ചവരോ വിശദീകരിച്ചവരോ ആയ അഹ്‌ലുസ്സുന്നയുടെ ഏതെങ്കിലും പണ്ഡിതൻ മുസ്‌ലിയാർ വിശ്വസിക്കും പ്രകാരം പഠിപ്പിച്ചതായി തെളിയിക്കാമോ?

ശംസുദ്ദീൻ എടത്തനാട്ടുകര
mail@nerpatham.com



# സ്മാർട്ട്ഫോണിൽ കുരുങ്ങുന്ന ജീവിതങ്ങൾ

‘ഉണ്ണി ഉണ്ടില്ലെങ്കിലും ചാറ്റ് ചെയ്യും, ഉണ്ണിക്കിഷ്ടം സ്മാർട്ഫോണാണ്.’

ഇന്ന് നമുക്കിടയിലെ സ്മാർട്ഫോൺ ജ്വരം കാണുമ്പോൾ ഒരു പഴയ റേഡിയോ പരസ്യം മൊഴിമാറ്റിഇങ്ങനെ പറയാൻ തോന്നുന്നു.

ഇന്ന് സമൂഹത്തിൽ സാമാന്യം ഒരു ഫോൺ പൊക്കാൻ ആരോഗ്യമുള്ള എല്ലാ കുട്ടികളും യുവതികളും യുവാക്കളും വയോവൃദ്ധരുമടക്കമുള്ളവർ സ്മാർട്ടായി സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നതിൽ വമ്പൻമാരാണ്.

വിവരസാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടത്തിൽ നാടോടുമ്പോൾ നടവേ അല്ലെങ്കിലും അരികു ചേർന്നെങ്കിലും ഓടേണ്ടേ എന്ന് കരുതി മെനക്കെട്ട് ഫോൺ ഉപയോഗിക്കുന്നവരുമുണ്ട് നമുക്കിടയിൽ.

യുവാക്കൾക്കിടയിൽ വസ്ത്രം മാറ്റുംപോലെ ഫോൺ മാറ്റുന്നവരുമുണ്ട്, സ്മാർട്ഫോൺ ഒരു വികാരമായി മാറിയവർ. പുതിയ മോഡലുകൾ ഇറങ്ങുന്നതും കാത്തിരിക്കുന്നവർ!

ഒരു സാധാരണ കുടുംബത്തിന്റെ റേഷൻ ചെലവുകൾക്ക് തുല്യമായ തുക ഫോണിന്റെ തീറ്റക്കും അനുബന്ധ കാര്യങ്ങൾക്കുമായി മുറതെറ്റാതെ മുടക്കുന്നവർ.

അനുഗ്രഹമാകുന്ന പഞ്ചേന്ദ്രിയങ്ങളെ കളികൾക്കും തമാശക്കുമായി ഫോണിന്ന് മുന്നിൽ സമർപ്പിച്ച് ഈ ലോകവുമായി ബന്ധമില്ലാതെ അന്യഗ്രഹ ജീവികളായി സമയം കൊല്ലുന്നവർ. ഫോണിന്റെ പുതിയതലമുറ ഇറങ്ങുമ്പോൾ അതിനെ പുതുവത്സരത്തെ പോലെ വരവേൽക്കുന്നവർ. അതിന് 18 ശതമാനമോ അതിന് മുകളിലോ നികുത്തികൊടുക്കാനും അവർ തയ്യാർ.

എന്നാൽ വരുമാനത്തിന്റെ രണ്ടര ശതമാനം കണക്കു നോക്കി സകാത്ത് കൊടുക്കാൻ കാശില്ല! ദാനധർമങ്ങൾക്ക് പണമില്ല.

ഉടുതുണിക്ക് മറുതുണിയില്ലാതെ, പട്ടിണിയിലും പ്രാരാബ്ധങ്ങളിലുമാണ് മുൻഗാമികൾ ജീവിച്ചിരുന്നത് എന്ന കാര്യം അവർ മറന്നുപോകുന്നു. അല്ലെങ്കിൽ അത് ഓർക്കുന്നത് ഇഷ്ടപ്പെടാതിരിക്കുന്നു. ആരെങ്കിലും അത് ഓർമിപ്പിക്കുമ്പോൾ ‘അതൊക്കെ അന്തകാലം’ എന്ന് നിസ്സാരമാക്കുന്നു.

ഇഹലോകത്ത് കേവലം ഒരു മരത്തിന്റെ തണൽ അനുഭവിക്കാൻ അവസരം കിട്ടിയാൽ പോലും ആ അനുഗ്രഹത്തിന് സ്രഷ്ടാവിനോട് നന്ദി കാണിക്കാതിരുന്നാൽ പരലോക ജീവിതം പ്രയാസത്തിലാകുമല്ലോ എന്ന് ആകുലപ്പെട്ടിരുന്നവരായിരുന്നു പ്രവാചക ശിഷ്യൻമാർ.

ഇന്ന് നമ്മളോ? അലമാരകൾ നിറഞ്ഞുകവിയുന്ന വസ്ത്രങ്ങൾ. വിഭവസമൃദ്ധമായ തീൻമേശ. കയ്യിൽ സദാസമയം ഒന്നിലധിക മൊബൈൽ ഫോണുകൾ. നല്ല വീട്. മുന്തിയ വാഹനം. ഈ അനുഗ്രഹങ്ങളെ തിരിച്ചറിയാനും അവ നൽകിയ സ്രഷ്ടാവിന് നന്ദി കാണിക്കുവാനും സമയമില്ലെന്ന് മാത്രം.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com



Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MARCH 07

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

## Economics

Despite recent dramatic improvements, one of humanity's most urgent issues is the reduction of global poverty, in all its forms. More than 700 million people still subsist on extremely low incomes. The research conducted by Abhijit Banerjee, Esther Duflo & Michael Kremer has considerably improved the ability to fight global poverty. In just two decades, their new experiment-based approach has transformed development economics, which is now a flourishing field of research.

## Medicine

The fundamental importance of oxygen has been understood for centuries, but how cells adapt to changes in oxygen levels has long been unknown. This year's Nobel Prize awarded work reveals the molecular mechanisms that underlie how cells adapt to variations in oxygen supply, a statement from the Nobel Assembly at Sweden's Karolinska Institute said

## Engineering

There is nothing I believe more strongly than getting young people interested in science and engineering, for a better tomorrow, for all humankind." – Bill Nye (science educator, former mechanical engineer)

## Education

The function of education is to teach one to think intensively and to think critically. Intelligence plus character - that is the goal of true education.
– Martin Luther King, Jr.



# PROFESSIONAL STUDENTS GLOBAL CONFERENCE 24

## Research

No research is ever quite complete. It is the glory of a good bit of work that it opens the way for something still better, and this repeatedly leads to its own eclipse
– MervinGordon

## Management

Corporate culture matters. How management chooses to treat its people impacts everything - for better or for worse.
– Simon Sinek

## Physics

The Nobel Prize in Physics 2019 was awarded "for contributions to our understanding of the evolution of the universe and Earth's place in the cosmos" with one half to James Peebles "for theoretical discoveries in physical cosmology", the other half jointly to Michel Mayor and Didier Queloz "for the discovery of an exoplanet orbiting a solar-type star.

## Chemistry

Lithium-ion batteries have revolutionised the world of technology. The batteries power everyday products such as smartphones, laptops and even electric vehicles. The 2019 Nobel Prize in Chemistry has been awarded to John B. Goodenough, M. Stanley Whittingham and Akira Yoshino "for the development of lithium-ion batteries"

## Environment

Although Nature needs thousands or millions of years to create a new species, man needs only a few dozen years to destroy one

TO THE RIGHT GOAL, THROUGH THE RIGHT PATH

24th WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE

2020 MARCH 13 14 15 KOLLAM

peaceradio Tune to reality | WISDOM ISLAMIC STUDENTS ORGANIZATION

CV Complex
PV Sami Road, Kozhikode
8156812292

www.profcon.in
wisdomstudents
wisdomglobaltv